# DON BOSCO
## ARTS & SCIENCE COLLEGE

**ANGADIKADAVU, KANNUR - 670 706**

Affiliated to Kannur University

*Grooming Generations and Leaving Legacies*




Angadikadavu P.O., Kannur Dt., Kerala-670706 E-mail-[illegible]@gmail.com Ph:0490-24[illegible]014, 2426557 Mob: 09961200787



ഡോൺ ബോസ്കോ പബ്ലിക്കേഷൻ

ഒക്ടോബർ 2016


ക്യാമറക്കണ്ണുകൾക്കപ്പുറം

# ക്യാൻവാസ്



## സിനിമയല്ലിത് ജീവിതം

**വെള്ളിത്തിരയുടെ വെള്ളിവെളിച്ചത്തിൽ നിന്നും ജീവിതത്തിന്റെ ഇരുട്ടിലേക്ക് വഴുതിവീണ അഭിനേതാക്കളുടെ ചമയങ്ങളില്ലാത്ത മുഖങ്ങൾ...**



2016 ൽ ഫോട്ടോഫീച്ചർ വിഭാഗത്തിൽ പുലിറ്റ്സർ പുരസ്കാരത്തിന് അർഹമായ ചിത്രം



ജെസീക്ക റിനാൽഡിൻ.

**സിറിയയിൽ നിന്നും സ്വീഡനിലേക്ക് പോവുന്ന അഭയാർത്ഥികൾ. ചിത്രം പകർത്തിയത് ബോസ്റ്റൻ ഗ്ളോബിന്റെ ഫോട്ടോ ജേർണലിസ്ററ് ജെസീക്ക റിനാൽഡിൻ.**

**എഡിറ്റോറിയൽ**

# സർഗാത്മകതയെ കൂട്ടിലടയ്ക്കല്ലേ...

അമേരിക്കയിൽ ചിത്രം സെൻസർ ചെയ്യാൻ സെൻസർ ബോർഡില്ല. പകരം സെൻസ് ഓൺ ദി ബ്രയിനാണ് നടപ്പിലാക്കുന്നത്. നഗ്നതയും മതവികാരങ്ങളുടെയും വ്രണപ്പെട്ട രംഗങ്ങളെ സെൻസർ ചെയ്യുകതന്നെവേണം. എന്നാൽ ഒരിക്കലും സംവിധായകന്റെ ആവിഷ്ക്കാരത്തിന് കൂച്ചുവിലങ്ങിടുകയല്ല വേണ്ടത്, ആ ആവിഷ്ക്കാരം സ്വീകരിക്കണോ വേണ്ടയോ എന്നത് ജനങ്ങൾ തീരുമാനിക്കട്ടെ. ഭരണകൂടത്തിന്റെ പൊള്ളത്തരങ്ങൾക്കെതിരെ ആഞ്ഞടിക്കുമ്പോഴാണ് അതിനെ കൂട്ടിലടക്കുന്നത്. ജനങ്ങൾ എന്തുകാണണം എന്തു കേൾക്കണമെന്ന സർക്കാർ തീരുമാനം നടപ്പിലാക്കാൻ സെൻസർ ബോർഡിനെ ആയുധമാക്കുമ്പോൾ അതിനെതിരെ ജനവികാരം ഉയർന്നു വരുന്നത് സ്വാഭാവികം.

സമീപകാല ചിത്രമായ ഉഡ്താ പഞ്ചാബിന് സെൻസർ ബോർഡ് വിധിച്ചത് 89 കട്ട്. അതുപോലെ തന്നെ മലയാള ചിത്രമായ കഥകളിക്കും സർട്ടിഫിക്കറ്റ് നൽകാൻ പല രംഗങ്ങളും നീക്കാൻ സെൻസർ ബോർഡ് നിർദ്ദേശിച്ചു. ഒടുവിൽ കോടതി കയറിയ ഈ ചിത്രങ്ങൾ അനുമതി തേടിയത് സെൻസർ ബേർഡിന്റെ നില നിൽപ്പിനെ ചോദ്യം ചെയ്യുന്നു.

ഉഡ്താ പഞ്ചാബിന്റെ കാര്യത്തിൽ ഹൈക്കോടതി മുന്നോട്ട് വെച്ച നിരീക്ഷണം വളരെ അധികം പ്രാധാന്യം അർഹിക്കുന്നതാണ്. തുറന്ന മനസ്സുള്ള ജനങ്ങളുടെ തലമുറയാണ് ഇന്നുള്ളത്. അസഭ്യങ്ങളും അതിന്റെ അതിപ്രസരണങ്ങളും മടുപ്പുളവാക്കും. ഇത് തിരിച്ചറിയാൻ കലാകാരൻമാരെ അനുവദിക്കണമെന്ന് കോടതി നിർദ്ദേശിച്ചു. സെൻട്രൽ ബ്യൂറോ ഫിലിം സർട്ടിഫിക്കേഷൻ കടും പിടിത്തം കാണിക്കേണ്ടതില്ലെന്നു കോടതി പറഞ്ഞു. ഈ നിരീക്ഷണം അനാവശ്യ നിയന്ത്രണം നടപ്പിലാക്കാൻ തുനിഞ്ഞിറങ്ങുന്നവർ ചിന്തിക്കേണ്ടതാണ്.

മുൻക്കൂർ പരിശോധനകളില്ലാതെ അശ്ലീലരംഗങ്ങളും ടെലിവിഷൻ പരിപാടികളും ഇന്റർനെറ്റിൽ സുലഭമാണ്. അതു കാണുന്നതും തിരസ്ക്കരിക്കുന്നതും ഈ ജനവിഭാഗമാണ്.



മോശം ചിത്രങ്ങളെ തഴയാനുള്ള സാമാന്യബുദ്ധി ഇന്ത്യൻ ജനതക്കുണ്ട്. ഇന്ന് എ സർട്ടിഫിക്കറ്റ് ചിത്രങ്ങളുടെ അളവ് കുറഞ്ഞുകൊണ്ടിരിക്കുന്നു. കലാമൂല്യമുള്ള സിനിമകൾ കൂടിവരുന്നു. അതുകൊണ്ട് തന്നെ സെൻസർബോർഡ് സെൻസർ ചെയ്യുന്നതിന് വ്യക്തമായ മാനദണ്ഡവും ആവിഷ്ക്കാരസ്വാതന്ത്യത്തിന് അതിർവരമ്പുകളും ഉണ്ടാകാൻ പാടില്ല.

**എഡിറ്റോറിയൽ ടീം**

ക്യാൻവാസ്
ക്യാമറാക്കണ്ണുകൾക്കപ്പുറം

# CONTENTS...




6

അഭിമുഖം

## ആക്ഷൻ ഹീറോ ബിജു

സിബിൾ ജോസ്

തമാശകൾ പറയുന്ന ഒരു ചങ്ങാതി... അടുത്തിരിക്കുന്ന ഒരു പരിചിതൻ... സ്വത്തസിദ്ധമായ മലയാളിക്ക് അഭിനയം കൊണ്ട് ഓരോ വേഷവും തൻമയത്വത്തോടെ അവതരിപ്പിച്ച് പ്രേക്ഷക മനസ്സിൽ ചേക്കേറിയ കലാകാരൻ. 24 വർഷത്തെ സിനിമജീവിതത്തിന്റെ വഴിത്താരകളിലൂടെ ബിജു മേനോൻ.



16

സിനിമ നിരൂപണം

## കളിയല്ലിത് കാര്യം

സിബിൾ ജോസ്

2016 ലെ സംസ്ഥാന ചലച്ചിത്ര അവാർഡിൽ മികച്ച മലയാള സിനിമക്കുള്ള പുരസ്ക്കാരം ഏറ്റുവാങ്ങിയ 'ഒഴിവു ദിവസത്തെ കളി' എന്ന സിനിമ.




28



20

യാത്ര

## ചാർലി പ്രണയിച്ച പാഞ്ചാലിമേട്

അഞ്ജലി എ കെ.

പരന്ന റോഡുകൾ ഇടുങ്ങി വളഞ്ഞ റോഡുകളായി മാറി. പാഞ്ചാലി മേട്ടിലേക്കൊരു യാത്രയെന്ന ലക്ഷ്യം ചെറുതല്ലെന്നറിഞ്ഞു തുടങ്ങി.

പുസ്തക നിരൂപണം

## ഞാൻ എന്ന കോട്ടൂർ

അഞ്ജലി എ കെ.

സ്വാതന്ത്ര്യസമരചരിത്രപശ്ചാത്തലത്തിൽ കെ. ടി. എൻ. കോട്ടൂരിന്റെ ജീവിതത്തിന്റെ നേർചിത്രം വരച്ചു കാട്ടുകയാണ് ടി പി രാജീവൻ ഈ നോവലിലൂടെ.




31



24

കവർസ്റ്റോറി

## സിനിമയല്ലിത് ജീവിതം

അഭിനയത്തെ ജീവശ്വാസമാക്കി വെള്ളിത്തിരയിൽ നിറഞ്ഞാടിയ ഒരുപാട് പേരുണ്ട്. ഇവരിൽ പലരും ജീവിതമെന്ന തിരശ്ശീലയിൽ ഞെട്ടറ്റു വീണു. സംസ്ഥാന അവാർഡുകളും മറ്റു ബഹുമതികളും വെറും അലങ്കാരങ്ങൾ മാത്രമായവർ. പേരുകൊണ്ട് പ്രശസ്തിയാർജിച്ചെങ്കിലും ജീവിതത്തിൽ ഒന്നുമാകാൻ കഴിയാതെ പോയവർ.

വ്യക്തി പരിചയം

## അജയന്റെ ഭാവന

അജിത്ത് ജോസഫ്

ദിലീഷ് പോത്തൻ സംവിധാനം ചെയ്ത 'മഹേഷിന്റെ പ്രതികാരം' എന്ന സിനിമയിൽ ആയിരക്കണക്കിന് അപ്പൂപ്പൻതാടികൾ ഉണ്ടാക്കിയെടുക്കാൻ നടത്തിയ പ്രയത്നമാണ് അജയൻ ചാലിശ്ശേരി എന്ന കലാസംവിധായകന്റെ മികവിന്റെ സാക്ഷ്യപത്രം.

പുതിയ മുഖം

## 'ബാലനാ'ണ് താരം

വൈശാഖ് കെ.



13

കമ്മട്ടിപ്പാടത്തിലെ ബാലേട്ടൻ എന്ന കഥാപാത്രത്തെ അവതരിപ്പിച്ച് ജനഹൃദയങ്ങളിൽ ചേക്കേറിയ മണികണ്ഠൻ ആർ ആചാരിയുടെ ജീവിതം.




**എഡിറ്റോറിയൽ ടീം**
വൈശാഖ് കെ.
സിബിൾ ജോസ്
അഞ്ജലി എ കെ.
അജിത്ത് ജോസഫ്

**ഡിസൈൻ & ലേഔട്ട്**
അജിത്ത് ജോസഫ്

**ഫോട്ടോസ്**
അജിത്ത് ജോസഫ്

**Staff advisor**
Previn P. F.

**Printed & Published by**
Fr. Bastin Nellisseri SDB

1930ൽ പുറത്തിറങ്ങിയ ‘വിഗതകുമാരൻ’ എന്ന ചിത്രത്തിലെ സരോജിനി എന്ന കഥാപാത്രം ചെയ്ത റോസി എന്ന നടിയെ പിന്നീടൊരിക്കലും ആരും കണ്ടിട്ടില്ല. റോസി ആരായിരുന്നു? എന്തുകൊണ്ടായിരുന്നു അവർ വീണ്ടും സിനിമകളിൽ അഭിനയിക്കാതിരുന്നത്? ചോദ്യങ്ങൾ ഏറിയെങ്കിലും ഉത്തരം ഒന്നായിരുന്നു. അക്കാലത്ത് ഏറെക്കുറെ ആർക്കും അറിഞ്ഞുകൂടാത്ത സിനിമ എന്ന കലയിൽ നിന്നും സ്ത്രീകളെ ഭ്രഷ്ട് കൽപ്പിച്ച് അകറ്റി നിർത്തിയ ഒരു സമൂഹമുണ്ടായിരുന്നു. അഭിനയം എന്ന കല സിരകളിലേറ്റി ജീവിതം സിനിമയ്ക്കു മുന്നിൽ ഹോമിച്ചവരുണ്ട്. പേരും പ്രശസ്തിയും തിരമാലകൾ പോലെ വന്നു പോയ അവരുടെ പിൻകാല ജീവിതം എങ്ങനെയായിരുന്നു. സിനിമ ഉപേഷിച്ചശേഷം അവർ എങ്ങനെ ജീവിച്ചു. ഇതൊന്നും പിന്നീടാരും അന്വേഷിച്ചില്ല... അഭിനയത്തെ ജീവശ്വാസമാക്കി വെള്ളിത്തിരയിൽ നിറഞ്ഞാടിയ ഒരുപാട് പേരുണ്ട്. ഇവരിൽ പലരും ജീവിതമെന്ന തിരശ്ശീലയിൽ ഞെട്ടറ്റു വീണു. സംസ്ഥാന അവാർഡുകളും മറ്റു ബഹുമതികളും വെറും അലങ്കാരങ്ങൾ മാത്രമായവർ. പേരുകൊണ്ട് പ്രശസ്തിയാർജിച്ചെങ്കിലും ജീവിതത്തിൽ ഒന്നുമാകാൻ കഴിയാതെ പോയവർ.

# സിനിമയല്ലിത് ജീവിതം

**അഭിനയത്തെ ജീവശ്വാസമാക്കി വെള്ളിത്തിരയിൽ നിറഞ്ഞാടിയ ഒരുപാട് പേരുണ്ട്. ഇവരിൽ പലരും ജീവിതമെന്ന തിരശ്ശീലയിൽ ഞെട്ടറ്റു വീണു. സംസ്ഥാന അവാർഡുകളും മറ്റു ബഹുമതികളും വെറും അലങ്കാരങ്ങൾ മാത്രമായവർ. പേരുകൊണ്ട് പ്രശസ്തിയാർജിച്ചെങ്കിലും ജീവിതത്തിൽ ഒന്നുമാകാൻ കഴിയാതെ പോയവർ**

ഇവരുടെയെല്ലാം അഭിനയം കണ്ട് അത്ഭുതപ്പെട്ട് ഇമവെട്ടാതെ നോക്കിയിരുന്നിട്ടുണ്ടാകാം. ശ്വാസമടക്കിപ്പിടിച്ചിട്ടുണ്ടാകാം. പൊട്ടിച്ചിരിച്ചിട്ടുണ്ടാകാം. പക്ഷെ സ്വന്തം ജീവിതമെന്ന യാഥാർത്ഥ്യത്തിനു മുൻപിൽ ഇവർ ഒറ്റയ്ക്കാണ്. മക്കളാലും ബന്ധുക്കാളാലും ഉപേക്ഷിക്കപ്പെട്ട് കേറിക്കിടക്കുവാൻ ഇടമില്ലാതെ അനാഥാലയത്തിന്റെ ഒറ്റമുറിക്കോണിൽ ജീവിക്കുന്നവർ... മുറുക്കാനും വെറ്റിലയും വിറ്റ് കുമ്മട്ടിപ്പീടികയിൽ ഒതുങ്ങേണ്ടി വന്നവർ... ഒരു നേരത്തെ ആഹാരത്തിനായി മറ്റുള്ളവരുടെ മുൻപിൽ കൈനീട്ടിയവർ... മഴയത്ത് വിറങ്ങലിച്ച് കേറിക്കിടക്കുവാൻ വീടില്ലാതെ വന്നപ്പോൾ സഹപ്രവർത്തകരുടെ കാരുണ്യംകൊണ്ടു മാത്രം വാസഗേഹം കിട്ടിയവർ...

കാഴ്ചക്കാർ അനവധിയാണ്. പക്ഷേ അവർക്ക് മുന്നിൽ നിസ്സഹായരായി എല്ലാം ഉള്ളിലൊതുക്കി ഏകാന്തത എന്ന വലിയ കൊട്ടകയ്ക്കകത്ത് ഏകരായി കഴിയുകയാണിവർ. പല കഥാപാത്രങ്ങളായി നമ്മെ ചിരിപ്പിച്ച അവരുടെ മുഖത്ത് സന്തോഷത്തിന്റെ ചിരിയില്ല. അവരുടെ ജീവിതം ഇന്നെന്താണ്.. എങ്ങിനെയാണ്...













## ‘അമ്മവീട്ടി’ലെ അമ്മ

കല്ല് പാകിയ ഇടവഴിയിലൂടെ കുറച്ചുദൂരം നടന്ന് മുന്നോട്ട് എത്തുമ്പോൾ ഇരുവശങ്ങളിലേക്കും പിളർന്നുകിടക്കുന്ന ചെങ്കല്ല് പാകിയ നടപ്പാതകൾ. മുഖത്തോടു മുഖം നോക്കിനിൽക്കുന്നതുപോലെ അടുത്തടുത്ത് നിരവധി വീടുകൾ. പരസ്പരം കാണാൻ സാധിക്കാത്തവിധം ഉയർന്നുപൊങ്ങിയ മതിലുകൾ അന്യോന്യമുള്ള സംസാരത്തിന്റെ മുഖം ഇല്ലാതാക്കിയിരിക്കുന്നു. ഒരാൾ പൊക്കത്തിലുള്ള മതിൽ ഭിത്തികൾ അവസാനിക്കുന്നത് ഒരു ചെറിയ വീട്ടിലാണ്. വീടിന്റെ പേരും ചെറുത്. ‘അമ്മവീട്’. പേര് ചെറുതെങ്കിലും അതിന്റെ അർത്ഥവും വീടിനുള്ളിലെ താമസക്കാരിയും ചെറുതല്ല. മൾട്ടിപ്ലെക്സ് തിയറ്ററുകളിലും ഓലമേഞ്ഞ കൊട്ടകകളിലും ആ മുഖം ഒരുപോലെ കൈയ്യടി നേടിയിട്ടുണ്ട്. പക്ഷേ പടികടന്നെത്തി അമ്മവീടിന്റെ കോളിംഗ് ബെല്ലിൽ വിരലമർത്തുമ്പോഴെ നമ്മുക്കൊരു ഏകാന്തത അനുഭവപ്പെടും. കാരണം ആ വീട്ടിൽ ഒരാൾ ഒറ്റയ്ക്കാണ്. ഒരു കാലത്ത് മലയാള സിനിമാ ലോകത്തിന്റെ സൗന്ദര്യസങ്കൽപ്പങ്ങളെ തന്നെ മാറ്റിയെഴുതിയ അതുല്യ പ്രതിഭ.

ആദ്യ ചിത്രത്തിലെ അഭിനയത്തിന് സംസ്ഥാന സർക്കാരിന്റെ മികച്ച നടിക്കുള്ള പുരസ്കാരം. 2011 ലെ ചലച്ചിത്ര പ്രതിഭയ്ക്കുള്ള കേരള ഫിലിം ക്രിട്ടിക്സ് അവാർഡ്, ലിസ്റ്റുകൾ നീളുമെങ്കിലും ഈ അമ്മയെ ഇന്നാർക്കും വേണ്ട. ഇത് ശാന്തകുമാരി. അനാഥത്വത്തിന്റെ ഒറ്റമുറിക്കോണിൽ ജീവിതം എങ്ങുമെത്താതെ പോയ ഒരു അഭിനയത്രി. മാനുഷിക പരിഗണനകൾപ്പോലും ലഭിക്കാതെ പേരിനു മാത്രം അമ്മേ എന്നു വിളിച്ചുപോയ മക്കൾ. എറണാകുളം വൈറ്റിലയിൽ മലയാള സിനിമാ ചലിച്ചിത്ര താരങ്ങൾ നിർമ്മിച്ചു നൽകിയ വീട്ടിൽ ഒറ്റയ്ക്ക്. എല്ലാ മാസവും ഒന്നാം തിയതി താരസംഘടനയായ അമ്മ നൽകുന്ന അയ്യായിരം രൂപയുടെ പെൻഷൻകൊണ്ട് ജീവിക്കുന്ന നടി. ഇരുന്നൂറ്റിയൻപത്തിഅഞ്ചോളം മലയാള ചലിച്ചിത്രങ്ങളിൽ വ്യത്യസ്തമായ കഥാപാത്രങ്ങൾ ചെയ്ത നടി.

സത്യൻ അന്തിക്കാടിന്റെ ‘കഥ തുടരുന്നു’ എന്ന സിനിമയിൽ അനാഥാലയത്തിൽ എത്തപ്പെടുന്ന അമ്മ വേഷം വളരെ തൻമയത്വത്തോടെ അഭിനയിച്ച ശാന്തകുമാരിയമ്മ സ്വന്തം ജീവിതത്തിൽ ഇത്തരമൊരനുഭവം ഉണ്ടാകുമെന്ന് ഒരിക്കിലും ചിന്തിച്ചിരിക്കില്ല.

വളർത്തി വലുതാക്കിയ മക്കൾക്ക് അമ്മയെ വേണ്ടാതെയാകുന്ന സിനിമാക്കഥകൾ ശാന്തകുമാരി കേട്ടിട്ടുണ്ട്. സ്വന്തം ജീവിതത്തിൽ അത് അന്വർത്ഥമായപ്പോൾ മറിച്ചൊന്നും ചിന്തിക്കാൻ കഴിഞ്ഞില്ല. സ്വന്തം മക്കൾ അമ്മയെ ഒരു സുരക്ഷിത ഭവനത്തിൽ കൊണ്ടുചെന്നാക്കി. ചെന്നൈക്കടുത്ത് കോടമ്പാക്കം ഓൾഡ് ഏജ് ഹോമിൽ. ആരുമില്ലാത്തവർക്കായുള്ള ആശ്രയകേന്ദ്രം. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടപ്പോഴും തിരസ്കരണം ഏറ്റുവാങ്ങിയപ്പോഴും ആ അമ്മയ്ക്ക് പരാതികളില്ലായിരുന്നു.

# എന്റെ കഥ





*ശാന്തകുമാരിക്ക് ലഭിച്ച അംഗീകാരങ്ങളും ബഹുമതികളും*

വെള്ളിത്തിരയിലെ ഒരു കാലത്തെ മിന്നും താരത്തിന് ജീവിതം എന്ന വടവൃക്ഷത്തിന്റെ തണൽ ഒരിക്കൽപോലും കിട്ടിയില്ല. കഷ്ടപ്പാടും ദാരിദ്ര്യവും മാത്രം കൂട്ടിന്. പതിമൂന്നാം വയസിൽ ബാല്യത്തിന്റെ കുസൃതികളൊന്നും മാറാത്ത പ്രായത്തിൽ തന്നേക്കാൾ ഇരുപത് വയസ് മൂത്തയാളുമായി വിവാഹം. പതിനാലാം വയസിൽ കുട്ടിത്തം വിട്ടുമാറാത്ത പ്രായത്തിലൊരു കുഞ്ഞിന്റെ അമ്മയായി. “എട്ടും പൊട്ടും തിരിയാത്ത പ്രായം എല്ലാത്തിനോടും വെറുപ്പ് തോന്നി. ശരീരത്തിൽ അലിഞ്ഞു ചേർന്ന സംഗീതത്തിന് മാത്രമാണ്. മനസിനെ ഒന്ന് തണുപ്പിക്കാൻ കഴിഞ്ഞത്. സ്ത്രീശബ്ദം ഉയർന്നു കേൾക്കുന്നത് അരോചകമായി എഴുതിവച്ച ഭർതൃഗൃഹത്തിൽ മൂളിപ്പാട്ടിനുപോലുമുള്ള സാധ്യത കൊട്ടിയടക്കപ്പെട്ടു.” ശാന്തകുമാരി പറയുന്നു.

പതിനാറാം വയസിൽ രണ്ടാമത്തെ കുട്ടിയും ജനിച്ചു. പെൺകുഞ്ഞാണോ ആൺകുഞ്ഞാണോ എന്നുപോലും നോക്കാൻ തോന്നിയില്ല. കാരണം എല്ലാം ആർക്കോ വേണ്ടി എന്ന ജീവിതമായിരുന്നു. ആകെ ജീവിതത്തിൽ അൽപമെങ്കിലും സ്നേഹം ലഭിച്ചത് സ്വന്തം ഭർത്താവിൽ നിന്ന് മാത്രം. പക്ഷേ ആ സ്നേഹത്തിന് അഞ്ചു കൊല്ലം മാത്രമേ ആയുസുണ്ടായിരുന്നുള്ളൂ. ഭർത്താവ് മരിച്ചു.

എവിടെ നിന്ന് തുടങ്ങണമെന്നോ, എങ്ങനെ തുടങ്ങണമെന്നോ അറിയാതെ പകച്ചു നിന്നപ്പോൾ ആശ്വാസമായത് സ്വന്തം കുടുംബമെന്ന തണൽമരമായിരന്നു. കാലമേറെ കഴിഞ്ഞില്ല ആ തണൽമരത്തിന്റെയും ഇലകൾ കൊഴിഞ്ഞുവീഴാൻതുടങ്ങി. ആശ്വാസത്തിനപ്പുറം നിന്ദയുടെയും തിരസ്കരണത്തിന്റെയും ചില്ലകമ്പുകൾ കുത്തിനോവിക്കുവാൻ തുടങ്ങി. പണമില്ലാത്തതാണ് പ്രശ്നമെന്ന് അറിഞ്ഞപ്പോൾ ഗാനമേള ട്രൂപ്പുകളിലും നാടകങ്ങളിലും പ്രവർത്തിച്ചുതുടങ്ങി. തുച്ഛമായ പ്രതിഫലമായിരുന്നു ലഭിച്ചിരുന്നത്. ചില സന്ദർഭങ്ങളിലൊന്നും കിട്ടിയില്ല. ഒരു സന്ധ്യക്ക് വീട്ടിലേക്ക് കയറിവരുമ്പോൾ അവർകണ്ട കാഴ്ച്ച ഏതൊരു മാതൃഹൃദയത്തേയും തകർക്കുന്ന ഒന്നായിരുന്നു. ശാന്തകുമാരിയുടെ മക്കളെ മാറ്റി നിർത്തി ബാക്കിയുള്ളവർ ഭക്ഷണം കഴിക്കുന്നു. വിശന്നു കരയുന്ന മക്കളെ കണ്ട അമ്മക്കത് സഹിക്കാനാകുമായിരുന്നില്ല. സ്വന്തം മക്കളുടെ ചിലവ് അവരവർ തന്നെ വഹിച്ചുകൊള്ളുക എന്നതായിരുന്നു വീട്ടുകാരുടെ പ്രതികരണം. മറുത്തൊരുവാക്ക് പറയാൻ ആ നാവ് പൊങ്ങിയില്ല. കാരണം മുന്നിൽ വേറെ വഴിയില്ല എന്നതുതന്നെ.

മാതാശ്രീ നാടകട്രൂപ്പിലെ പി എ ബാക്കർ എന്ന നാടകസംവിധാകനെ കണ്ടുമുട്ടിയത് ജീവിതത്തിലെ വഴിത്തിരിവായി. ശാന്തകുമാരിയുടെ കഥ കേട്ട് അദ്ദേഹം നാടകത്തിലഭിനയിക്കാൻ അവർക്കവസരം കൊടുത്തു. ജീവിതമാകുന്ന തണൽമരം വീണ്ടും തളിർത്തു. ബാക്കർ സംവിധാനം ചെയ്ത ‘ചുവന്ന വിത്തുകൾ’ എന്ന ചിത്രത്തിലൂടെ ശാന്തകുമാരി വെള്ളിത്തിരയുടെ നക്ഷത്രതിളക്കത്തിലേക്ക് പ്രവേശിച്ചു.

പണം സമ്പാദിക്കണം എന്ന ഒരൊറ്റ ലക്ഷ്യം മാത്രമുള്ളതിനാൽ മടിച്ചില്ല. ആദ്യ അഭിനയം ഒരു വേശ്യകഥാപാത്രമായി. ശാന്തകുമാരി പറയുന്നു. ചിത്രത്തിൽ രജനി എന്ന കഥാപാത്രമായി തകർത്തഭിനയിച്ചപ്പോൾ ആ വർഷത്തെ മികച്ച നടിക്കുള്ള പുരസ്കാരവും ശാന്തകുമാരിയെ തേടിയെത്തി. പിന്നീട് ആ മുഖം പല കഥാപാത്രങ്ങളായി മിന്നിതിളങ്ങി. പക്ഷേ യഥാർത്ഥ ജീവിതത്തിൽ ഒരിക്കൽപോലും അത് തിളങ്ങിയില്ല.

“ഇപ്പോഴത്തെ സിനിമയ്ക്ക് ഞങ്ങളെപ്പോലുള്ളവരെ വേണ്ട. അവർക്കുവേണ്ടത് പ്രായം കുറഞ്ഞ അമ്മമാരെ ആണല്ലോ.” ശാന്തകുമാരിയമ്മയുടെ മുഖത്ത് ദുഃഖം നിഴൽ വിരിച്ചിരുന്നു.

പരിഭവങ്ങളില്ലായിരുന്നു.

ആകെയുള്ളത് പ്രതീക്ഷ പാകിയ മനസ് മാത്രം. ജീവിതമെന്നും അനാഥമായ ഓർമ്മകൾ മാത്രമാണ് ഈ അമ്മയ്ക്ക്. വളർത്തി വലുതാക്കിയ മക്കൾ ഉപേക്ഷിച്ചപ്പോൾ ചെന്നൈയിലെ അന്തേവാസികളുടെ കൂട്ടത്തിൽ അവരിലൊരാളായി കഴിഞ്ഞ നാളുകളിൽ അവരുടെ മനസിന് വ്യക്തമായ രൂപമില്ലായിരുന്നു. ആ മനസിന്റെ ബോധങ്ങളിലെല്ലാം അഭിനയം മാത്രം.

മനസിലും ശരീരത്തിലും കയറിക്കൂടിയ അഭിനയമെന്ന സിദ്ധിക്ക് അവിടുത്തെ ഒറ്റമുറിയിൽ ഒതുങ്ങിക്കൂടാൻ കഴിഞ്ഞില്ല.

“എനിക്ക് ഭ്രാന്ത് പിടിക്കുന്നതുപോലെ തോന്നി. ഒരേ സ്ഥലത്തു തന്നെ ആരും മിണ്ടാൻപോലുമില്ലാതെ. എന്റെ മക്കളെ എനിക്കങ്ങനെ അവിടെ നിൽക്കാൻ പറ്റില്ലായിരുന്നു. എന്റെ സിരകളൽ അലിഞ്ഞ അഭിനയത്തെ തട്ടിത്തെറിപ്പിക്കാൻ എനിക്ക് സാധിച്ചില്ല. അങ്ങനെ ഒരു ദിവസം രാവിലെ ഞാൻ ആരും കാണാതെ അനാഥാലയത്തിന്റെ എതിർവശമുള്ള കെ ഇ എം ഓഡിറ്റോറിയത്തിൽ നാടകം പഠിപ്പിക്കുന്നത് കാണാൻ പോയിരുന്നു. ഒരുപാട് ആൾക്കാർ റിഹേഴ്സൽ കാണാൻ വരുന്നതിനാൽ ആരും എന്നെ തിരിച്ചറിഞ്ഞില്ല. മനസിനൊരൽപം ആശ്വാസം കിട്ടി. പക്ഷേ അനാഥാലയ നടത്തിപ്പുകാർക്ക് അതിഷ്ടമായില്ല. എന്നാലും ഞാൻ പറഞ്ഞു. എനിക്ക് പോയേ പറ്റൂ. അങ്ങനെ ഞാനവിടെ നിന്നും ഇറങ്ങി. പക്ഷേ വൈകുന്നേരമായപ്പോൾ വേറെ എങ്ങോട്ടും പോകാനില്ലാത്തതുകൊണ്ട് ഞാനങ്ങോട്ടുതന്നെ തിരിച്ചുചെന്നു.” ശാന്തകുമാരി പറയുന്നു.

കേറി കിടക്കുവാൻ ഒരു കൂര പോലും ഇല്ലാതിരുന്ന ഈ നടിക്ക് തണലായത് സഹപ്രവർത്തകർ നൽകിയ വീട്. പരിഭവങ്ങളും പരാതികളും ഉള്ളിലൊതുക്കി ശാന്തകുമാരിയമ്മ ആ വീട്ടിലുണ്ട്. യാഥാർത്ഥ്യങ്ങൾക്കു മുന്നിൽ ചിരിച്ചുകൊണ്ട്...





## അരങ്ങൊഴിഞ്ഞ കലാകാരൻ

“എനിക്കാരുടെയും സഹായം വേണ്ടാ. മരണം സംഭവിക്കുമ്പോൾ പിരിഞ്ഞുപോയവരൊക്കെ വരുമെന്ന് പ്രതീക്ഷിക്കാം. അങ്ങനെയല്ലെ (ചിരിക്കുന്നു). മരണത്തെകാത്താണ് ഞാനിന്ന് ജീവിക്കുന്നത്.” ഇതു പറയുമ്പോൾ അദ്ദേഹത്തിന്റെ ചുക്കിച്ചുളങ്ങിയ മുഖത്ത് ഒരായിരം ഭാവവ്യത്യാസങ്ങളോ കാഥാപാത്രമായി മാറാനുള്ള ചമയങ്ങളോ വേഷവിധാനങ്ങളോ ഒന്നും ഇല്ലായിരുന്നു. അറുന്നൂറിലധികം സിനിമകളിൽ വിവിധ വേഷങ്ങൾ തകർത്താടിയ ടി പി മാധവൻ എന്ന നടൻ എല്ലാം നഷ്ടപ്പെട്ട് അഭയാർത്ഥിയായി പത്തനാപുരത്തെ ഗാന്ധിഭവനിലെ അന്തേവാസികളിലൊരാളായി തന്റെ ജീവിതം തള്ളി നീക്കുന്നു. സ്വന്തം ജീവിത ചിത്രം ആരുടെയും മുമ്പിൽ അവതരിപ്പിക്കാൻ താൽപര്യമില്ല എന്ന നിസ്സംഗതയോടുകൂടിയുള്ള നോട്ടമാണ് അദ്ദേഹത്തിന്റെ മുഖത്തു കണ്ടത്. എങ്കിലും പതിയെ വിറച്ചുകൊണ്ട് ഞങ്ങളോട് സംസാരിക്കുവാൻ തുടങ്ങി. അപ്പോൾ ആ മുഖഭാവം സങ്കടത്തിലേക്ക് വഴുതിമാറിയിരുന്നു.

സിനിമയുടെ തിരക്കുകളിലേക്ക് മടങ്ങാനുള്ള ഊർജ്ജവും ആഗ്രഹവും എന്നോ മാധവൻ ഉപേക്ഷിച്ചു കഴിഞ്ഞിരുന്നു. ജീവിതത്തിലെല്ലാം നഷ്ടപ്പെട്ട അവസ്ഥയിലാണ് മാധവൻ ഹരിദ്വാറിലെ അയ്യപ്പക്ഷേത്രത്തിൽ അഭയം തേടിയത്. അവിടെ വെച്ചുണ്ടായ ശാരീരിക അസ്വാസ്ഥ്യങ്ങൾ മൂലം അദ്ദേഹത്തെ തിരുവനന്തപുരത്തെ ശ്രീ ചിത്തിര തിരുന്നാൾ ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയായിരുന്നു. ആ വാർത്ത ചാനലുകൾ ഏറ്റെടുത്തതോടെയാണ് പലരും ഇദ്ദേഹത്തേക്കുറിച്ച് ഓർക്കുന്നതു തന്നെ. എം എൽ എ ഗണേഷ് കുമാറാണ് അദ്ദേഹത്തെ പത്തനാപുരത്തെ ഗാന്ധിഭവനിൽ എത്തിച്ചത്. ഇന്ന് ഗാന്ധിഭവൻ തനിക്ക് സ്വന്തം വീടുപോലെയാണെന്ന് മാധവൻ.

“

**സ്വന്തം ജീവിത ചിത്രം ആരുടെയും മുമ്പിൽ അവതരിപ്പിക്കാൻ താൽപര്യമില്ല എന്ന നിസ്സംഗതയോടുകൂടിയുള്ള നോട്ടമാണ് അദ്ദേഹത്തിന്റെ മുഖത്തു കണ്ടത്**

പതിനാറാം വയസിൽ തുടങ്ങിയ മാധവന്റെ അഭിനയമോഹം സാക്ഷാത്കരിക്കപ്പെട്ടത് നാൽപതാമത്തെ വയസ്സിലാണ്. ആഗ്ര യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം നേടിയതിനു ശേഷം അച്ഛൻ എൻ പി പിള്ളയുടെയും മാതാവ് സരസ്വതിയുടെയും നിർബന്ധത്തിന് വഴങ്ങി ഇന്ത്യൻ എക്സ്പ്രസ്സിൽ ജോലി ചെയ്തു. പിന്നീട് ഒരു പരസ്യകമ്പനിയിൽ മാനേജറായി. ഇടയ്ക്കെപ്പോഴോ സന്യാസ ജീവിതത്തോട് അടുപ്പം തോന്നി പഞ്ചാബിലെ സ്വാമി ചിന്മയാനന്ദയുടെ ആശ്രമത്തിൽ പോയി. അപ്പോഴും സിനിമയെന്ന മോഹം മാധവന്റെ മനസിൽ മായാവലയം തീർത്തു നിൽക്കുന്നുണ്ടായിരുന്നു. സിനിമയിലഭിനയിക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചാബിൽ നിന്നും ബോംബയിലെത്തിയ അദ്ദേഹം അതിനിടയിലാണ് നടൻ മധുവിന്റെ രാഗം എന്ന ചിത്രത്തിലൂടെ വില്ലനായി അഭിനയിക്കാൻ അവസരം ലഭിച്ചത്. 1995 കാലഘട്ടം വരെ മാധവൻ മുഖം കാണിക്കാത്ത സിനിമകൾ വളരെ വിരളമായിരുന്നു. കോമഡി കഥാപാത്രങ്ങൾ അവതരിപ്പിക്കാൻ തുടങ്ങിയതോടെ അദ്ദേഹത്തിന് സ്വീകാര്യതയേറി. എല്ലാമെല്ലാമായിരുന്ന ഭാര്യ സുധ തന്നെ തള്ളിപറഞ്ഞതും ഉപേക്ഷിച്ചതും മാധവന് കനത്ത മാനസികാഘാതമായി.

“എയർലിഫ്റ്റ് എന്ന ഹിന്ദി ചിത്രത്തിന്റ സംവിധായകൻ രാജകൃഷ്ണ മേനോൻ എന്റെ മകനാണ്. അവനും ഇന്ന് എന്നെ വേണ്ടാതായിരിക്കുന്നു.” കണ്ണീരോടെ മാധവൻ പറയുന്നു. അഭിനയ ജീവിതം മടുത്തു തുടങ്ങിയപ്പോഴാണ് യാത്ര പോകാൻ തീരുമാനിച്ചത്. എങ്ങോട്ടെന്നില്ലാത്ത യാത്ര. കയ്യിൽ ഒന്നുമില്ല ഒരു കിടപ്പാടം പോലും. പലയിടങ്ങളിൽ കറങ്ങി. ഒടുവിൽ ഹരിദ്വാറിൽ എത്തി. കൂടെ നിന്നവർ പലരും സഹായിച്ചു. പക്ഷേ പലയാളുകളും മനപ്പൂർവ്വം മറന്നു സ്വന്തം മകൻ പോലും. “അമ്മ നൽകുന്ന പെൻഷൻ മാത്രമാണ് ഇപ്പോൾ ആശ്രയം. സർക്കാരിന്റെ ഒരു ധനസഹായം പോലും ഇന്നേവരെ കിട്ടിയിട്ടില്ല.” മാധവൻ പറയുന്നു.

“അവസരങ്ങൾ ഇല്ലാതായതോടെ നാടക വേദികളിൽ തിരികേയെത്തി. വരുമാനം കുറഞ്ഞതോടെ ദുരിതങ്ങളും തിരിച്ചെത്തി. ഉണ്ടായിരുന്ന സമ്പാദ്യം ഉപയോഗിച്ച് മക്കളെ വളർത്തി വലുതാക്കി. ഒടുവിൽ അവരും...

## നിശബ്ദമീ ജീവിതം

എന്തെങ്കിലും പറയുവാൻ ശ്രമിക്കുമ്പോൾ അവരുടെ കണ്ഠം ഇടറുന്നുണ്ടായിരുന്നു. കണ്ണീർ വറ്റാത്ത ആ മുഖത്ത് നിരാശയുടെ മൂടുപടം പതിഞ്ഞിരിക്കുന്നു. ആയിരത്തോളം കഥാപാത്രങ്ങളിലൂടെ മറ്റുള്ളവർക്ക് ശബ്ദമായ ഡബിങ്ങ് ആർട്ടിസ്റ്റ് മൂന്നൂറോളം കഥാപാത്രങ്ങളെ വെള്ളിത്തിരക്കു മുന്നിൽ അവതരിപ്പിച്ച ആ നടിയുടെ ജീവിതം ഇന്ന് നിശബ്ദതയിലാണ്. ആരോടും ഒന്നും പറയാതെ പത്തനാപുരം ഗാന്ധി ഭവനിലെ ആ മുറിയിൽ ജീവിതം തള്ളി നീക്കുകയാണ്. പാലാ തങ്കം എന്ന ആ മഹാ പ്രതിഭ.

നാടക ഗ്രൂപ്പായ കെ.പി.എസിയിലൂടെ ആയിരുന്നു കോട്ടയം പാലാ സ്വദേശി തങ്കത്തിന്റെ അരങ്ങേറ്റം. നാടകത്തിൽ തിളങ്ങി നിൽക്കുമ്പോൾ തന്നെ സിനിമാ രംഗത്തും ശ്രദ്ധേയമായി. ആ കാല ഘട്ടത്തിലെ തിരക്കുള്ള ഡബിംങ്ങ് ആർട്ടിസ്റ്റും നാടക നടിയുമായിരുന്നു തങ്കം.

ഡബിങ്ങ് ആർട്ടിസറ്റായി തിളങ്ങി നിൽക്കുമ്പോഴാണ് സത്യൻ അഭിനയിച്ച റബേക്കയിൽ വേഷമിടാൻ അവസരം ലഭിക്കുന്നത്. തുടർന്നും സിനിമയിൽ അഭിനയിക്കാൻ ഭർത്താവ് ശ്രീധരന്റെ സിനിമാ കമ്പം തങ്കത്തിന് തുണയായി. അക്കാലത്തെ മികച്ച സിനിമയായ തുമ്പോലാർച്ച, ആദ്യപാഠം തുടങ്ങിയവയിൽ ശക്തമായ വേഷങ്ങൾ ചെയ്തു തിളങ്ങി നിൽക്കുമ്പോഴാണ് തന്റെ എല്ലാമെല്ലാമായ ഭർത്താവിനെ നഷ്ടമാവുന്നത്. ജീവിതത്തിൽ തോറ്റു പിൻമാറാൻ തങ്കം തയ്യാറായിരുന്നില്ല. മക്കളെ വളർത്തുന്നതിനും ജീവിക്കാനും പണം വേണം. തങ്കം അഭിനയത്തിൽ തന്നെ ഉറച്ചു നിൽക്കാൻ തീരുമാനിച്ചു.

1980 കൾക്കു ശേഷം സിനിമാ ലോകം തങ്കത്തിനു മുന്നിൽ യഥാർത്ഥ മുഖം പുറത്തെടുക്കാൻ തുടങ്ങി. അഭിനയിക്കാനായി എന്തിനുംവഴങ്ങേണ്ടിയിരുന്നു തങ്കം അതിനൊന്നും തയ്യാറായിരുന്നില്ല. പതിയെ പതിയെ സിനിമ ലോകം തങ്കത്തിന് അവസരം നൽകാതെയായി. അവസരങ്ങൾ ഇല്ലാതായതോടെ നാടക വേദികളിൽ തിരികേയെത്തി. വരുമാനം കുറഞ്ഞതോടെ ദുരിതങ്ങളും തിരിച്ചെത്തി. ഉണ്ടായിരുന്ന സമ്പാദ്യം ഉപയോഗിച്ച് മക്കളെ വളർത്തി വലുതാക്കി. എന്നാൽ ഇന്ന് അവർക്കും തങ്കത്തെ വേണ്ടാതായിരിക്കുന്നു.

“ആറു വർഷത്തോളമായി മക്കൾ ഒരിക്കൽ പോലും ആശ്വസിപ്പിക്കുവാനും സ്നേഹം നൽകുവാനും ശ്രമിച്ചിട്ടില്ല. ഞാൻ എങ്ങനെ ജീവിക്കുന്നു എന്നു പോലും അവർക്കറിയേണ്ട.” തങ്കം പറയുന്നു.

തേടിയെത്തിയ പല റോളുകളും തങ്കം മറ്റുള്ളവർക്കായി നൽകിയിട്ടുണ്ട് അവരൊക്കെ ഇന്ന് സിനിമയുടെ ഗ്ലാമർ ലോകത്ത് തിളങ്ങി നിൽക്കുന്നു. പക്ഷേ അവരൊന്നും ഒന്നുതിരിഞ്ഞ് നോക്കുന്നു പോലുമില്ല. ഒത്തിരി നാളത്തെ എഴുത്തു കുത്തുകൾക്കിടയിലാണ് തങ്കത്തിന് താരസംഘടന പെൻഷൻ എന്നിവ അനുവദിച്ചു കിട്ടിയത്. സഹായം മരുന്നിനു പോലും തികയാതെ വന്നപ്പോഴാണ് തങ്കം ഗാന്ധി ഭവന്റെ വാതിലുകളിൽ മുട്ടിയത്.

“ആരും തിരിഞ്ഞു നോക്കാത്തതിൽ സങ്കടമില്ല.ആരുടേയും സഹായം വേണ്ട. ഇവിടെ ജീവിച്ചു മരിച്ചാ മതി. ഇവിടം എനിക്ക് സ്വർഗ്ഗമാണ്.” നിറകണ്ണുകളോടെ തങ്കം പറയുന്നു.



പലർക്കും ഈ തുക മരുന്നു വാങ്ങാൻ തന്നെ തികയാതെ വരുന്നുണ്ടെന്നതൊരു സത്യമാണ്. സംഘടനയുടെ സഹായത്തിനു പുറമെ വ്യക്തിസഹായവും അത്തരം ആൾക്കാർക്ക് ഉറപ്പ് വരുത്തുന്നു. മരണം സംഭവിച്ച താരങ്ങളുടെ കുടുംബത്തിന് നിശ്ചിത തുക എല്ലാമാസവും നൽകുന്നു ”

## അമ്മ നൽകുന്ന സേവനങ്ങളെക്കുറിച്ചുള്ള വിമർശനങ്ങൾക്ക് മറുപടിയുമായി അമ്മ സെക്രട്ടറി ഇടവേള ബാബു



**ഏതൊരു സംഘടനയുടേയും രൂപീകരണത്തിന് പിന്നിൽ പല ലക്ഷ്യങ്ങളുണ്ട്. അമ്മ എന്ന സംഘടന കേവലംതാരങ്ങളുടെ അവകാശ സംരക്ഷണത്തിന് പുറമെ മറ്റെന്തെല്ലാം സേവനങ്ങളാണ് ചെയ്യുന്നത്?**
അമ്മയുടെ പ്രഥമ ലക്ഷ്യങ്ങളിൽ ഒന്നു മാത്രമാണ് താരങ്ങളുടെ അവകാശങ്ങളെ ഹനിക്കുന്ന പ്രവർത്തികൾക്കെതിരെ പോരാടുക എന്നത്. താരസംഘടന എന്നതിലുപരിയായി അമ്മ ചാരിറ്റബിൾ സംഘടനയായും പ്രവർത്തിക്കുന്നു. അതുകൊണ്ടു തന്നെ സാമൂഹിക പ്രശ്നങ്ങളിൽ നിരന്തരം ഇടപെടാറുണ്ട്. ഗവൺമെന്റുമായി സഹകരിച്ച് വീടുനിർമ്മിച്ചു നൽകാനും, ക്യാൻസർ ബാധിച്ചവർക്ക് ധനസഹായം നൽകാനും, സമീപകാലത്തെ ലാത്തൂർ ദുരന്തത്തിൽ സർക്കാരുമായി സഹകരിച്ച് വരൾച്ച ബാധിച്ച പ്രദേശങ്ങളിൽവെള്ളമെത്തിക്കാനും ഈ സംഘടനയ്ക്കായി.

**1994ൽ ആണ് അമ്മ രൂപീകൃതമാകുന്നത്. അതിനു മുൻപുണ്ടായ പഴയകാല താരങ്ങളുടെ ക്ഷേമത്തിന് തുടക്കം കുറിച്ചത് എങ്ങെനെയാണ്?**
അമ്മ രൂപീകരിക്കുമ്പോൾ ഒരു ഉദ്ദേശമായിരുന്നു പഴയകാല താരങ്ങളുടെക്ഷേമം. സിനിമയിൽ സജീവമല്ലാത്ത യാതന അനുഭവിക്കുന്ന അഭിനേതാക്കളെ കണ്ടെത്തി സഹായം നൽകി. ആദ്യഘട്ടങ്ങളിൽ പ്രതിമാസ പെൻഷൻ രണ്ടായിരംരൂപ വീതം അൻപത് പേർക്ക് നൽകി. എന്നാലിപ്പോൾതുക വർദ്ധിപ്പിച്ച് 1100 പേർക്ക് 5000 രൂപ വീതം നൽകുന്നുണ്ട്.

**സഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?**
അവശത അനുഭവിക്കുന്ന 45 വയസ്സിന് മുകളിലോട്ടുള്ള അഭിനയത്രികൾക്കും 50 വയസ്സ് കഴിഞ്ഞ അഭിനേതാക്കൾക്കുമാണ് സഹായം നൽകുന്നത്. ഇതിനു പുറമെ 10 വർഷം സിനിമയിൽ അഭിനയിച്ച നടിമാർക്കും 20 വർഷത്തോളം അഭിനയിച്ച നടൻമാർക്കും സഹായം നൽകുന്നു.

**ഇത്തരം മാനദണ്ഡങ്ങൾ പാലിച്ചാൽ ചിലർക്ക് സാമ്പത്തിക സഹായത്തിനുള്ള അർഹതയുണ്ടാകില്ല. അവർക്ക് സാമ്പത്തിക പരാതീനതകൾ ഉണ്ട് താനും. അപ്പോൾ എന്താണ് ചെയ്യുന്നത്?**
ഇത്തരം പ്രശ്നങ്ങൾ അമ്മയുടെ എക്സിക്യൂട്ടീവ് ചർച്ച ചെയ്താണ് തീരുമാനം കൈകൊള്ളുന്നത്. അത്തരത്തിലുള്ള ഒരു പ്രശ്നമായിരുന്നു സാമൂഹിക മാധ്യമങ്ങൾ ഏറ്റെടുത്ത സാധനയുടേത്. അവർ സിനിമയ്ക്ക് നൽകിയ സംഭാവനകൾ മാനിച്ചു കൊണ്ട് അവർക്ക് പെൻഷനും ഹൊണേറിയം അംഗത്വവും നൽകുകയുണ്ടായി. എല്ലാവരുടെയും കാര്യത്തിൽ അനുഭാവ പൂർണമായ നടപടിയാണ് കൈകൊള്ളാൻ ശ്രമിക്കുന്നത്. ചില പ്രത്യേക സാഹചര്യംകൊണ്ട് നിഷേധിക്കേണ്ടതായും വരുന്നുണ്ട്. അതൊക്കെ ഒരു സംഘടനയുടെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് പ്രവർത്തിക്കുമ്പോൾ ഉണ്ടാവുന്നതാണ്.

**ഇത്തരം സഹായങ്ങൾ ജീവിത നിലവാരം ഉയർത്താൻ പര്യാപ്തമാണോ?**
പൂർണ്ണമായും സാധിച്ചെന്നു വരില്ല. ഇപ്പോൾ 5000 രൂപയാണ് പെൻഷനായി നൽകുന്നത്. വർഷംതോറുംചില വർദ്ധനവ് ഉണ്ടാകാറുണ്ട്. പലർക്കും ഈ തുക മരുന്നു വാങ്ങാൻ തന്നെ തികയാതെ വരുന്നുണ്ടെന്നതൊരു സത്യമാണ്. സംഘടനയുടെ സഹായത്തിനു പുറമെ വ്യക്തിസഹായവും അത്തരം ആൾക്കാർക്ക് ഉറപ്പ് വരുത്തുന്നു. മരണം സംഭവിച്ച താരങ്ങളുടെ കുടുംബത്തിന് നിശ്ചിത തുക എല്ലാമാസവും നൽകുന്നു.

**സഹായങ്ങളെക്കുറിച്ചുള്ള പരാതികൾ പരിഹരിക്കുന്നത് എങ്ങെനെയാണ്?**
പരാതികളെ പരിഹരിക്കാൻ അഞ്ചംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നാല് അംഗങ്ങളും സെക്രട്ടറിയും ചേർന്നതാണ് സമിതി. പരാതികൾ സെക്രട്ടറി സ്വീകരിക്കുകയും ഈ കമ്മിറ്റിക്കു മുമ്പാകെ ചർച്ച ചെയ്ത് ഉചിതമായ നടപടി എടുക്കുകയും ചെയ്യാറുണ്ട്.

**അമ്മയിൽ മെമ്പർഷിപ്പില്ലാത്ത പഴയകാല താരങ്ങൾക്ക് ഏതുവിധത്തിലാണ് സഹായം നൽകുന്നത്?**
ഇങ്ങനെ അമ്മയിൽ മെമ്പർഷിപ്പില്ലാത്ത 25 ലധികം താരങ്ങളെ സഹായിക്കുന്നുണ്ട്. സിനിമയ്ക്ക് നൽകിയ സംഭാവന മാത്രമാണ് ഇതിന് ആധാരം. അംഗങ്ങൾ നിർദ്ദേശിക്കുന്ന താരങ്ങളുടെ സാമ്പത്തികശേഷി മനസിലാക്കി സഹായം കൈമാറുന്നുണ്ട്.

**അമ്മയിലേക്കുള്ള ഫണ്ട് കണ്ടെത്തുന്നതെങ്ങനെയാണ്?**
അമ്മയിലേക്കുള്ള മെമ്പർഷിപ്പ് ഫീസ് 30000 രൂപയാണ്, ഇതിനുപുറമെ അമ്മ നടത്തുന്ന സ്റ്റേജ് ഷോ ‘സൂര്യതേജസ്സോടെ അമ്മ’, ‘മഴവില്ലഴകിൽ അമ്മ’ ഇവയൊക്കെ ഫണ്ട് സ്വരൂപിക്കുന്നതിന് ഉദാഹരണങ്ങളാണ്.

**അമ്മയിൽ അംഗത്വം നൽകുന്നത് എന്തിന്റെയൊക്കെ അടിസ്ഥാനത്തിലാണ്?**
മൂന്നിലധികം സിനിമയിൽ അഭിനയിച്ച വ്യക്തികൾ സെക്രട്ടറിക്ക് നേരിട്ട് നൽകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലാണ് അംഗത്വം നൽകുന്നത്. അതിനു പുറമെ താരങ്ങളുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഹൊറേണിയം മെമ്പർഷിപ്പും നൽകി വരുന്നു. ഈ മെമ്പർഷിപ്പിന് ഫീസ് ഈടാക്കുന്നില്ല.

**ഒരുകാലഘട്ടത്തിൽ മലയാള സിനിമയ്ക്ക് സംഭാവന നൽകിയ ചിലർതെരുവിൽ ഒറ്റപ്പെട്ട് ജീവിക്കുന്നു. പലർക്കും സഹായം കിട്ടാത്ത അവസ്ഥയാണ്. അത്തരം പരാതികൾ എങ്ങനെ പരിഹരിക്കുന്നു?**
പരാതികൾ പരിഹരിച്ച് തന്നെയാണ് മുന്നോട്ട് പോകാറ്. നടൻ പി. മാധവൻ അഗതി മന്ദിരത്തിൽ ആയപ്പോഴും അമ്മ സഹായത്തിനെത്തി. വിമർശനങ്ങളുണ്ടാകുമ്പോൾ കമ്മിറ്റി ചേർന്ന് പരിഹരിക്കുന്നുണ്ട്. പബ്ളിസിറ്റി കൊടുക്കാറില്ല എന്നതിനാലാണ് അമ്മയുടെ ഇത്തരം സേവനങ്ങൾ ചെയ്യുന്നത് മറ്റുള്ളവർ അറിയാത്തത്.

## ചമയങ്ങളില്ലാതെ

നിറഭേദങ്ങൾ ചാലിച്ച മിഠായി ഭരണികളും, സ്നാക്സ് പാക്കറ്റുകളും വെറ്റില മുറുക്കാനുമുള്ള ഒരു കുമ്മിട്ടി കട. എറണാകുളം പടന്നയിൽ ജംഗഷനിലുള്ള ആ കടയിലേക്ക് സാധനങ്ങൾ വാങ്ങാനെത്തുന്നവരുടെ മുഖത്ത് ആശ്ചര്യം. ആശ്ചര്യത്തിന്റെ കാരണമറിയാൻ വെയിലേൽക്കാതിരിക്കാനായി താഴ്ത്തി കെട്ടിയ തുണിക്ക് മറവിലൂടെ നോക്കിയപ്പോൾ അയാളെ കണ്ടു.ഒരു കാലത്ത് ബിഗ് സ്ക്രീനിലും മിനി സ്ക്രീനിലും പ്രേക്ഷകരെ പൊട്ടിച്ചിരിപ്പിച്ച നടൻ. കെ ടി എസ്. പടന്നയിൽ എന്ന കൊച്ചുപറമ്പിൽ തൈ സുബ്രഹ്മണ്യൻ.

“സിനിമയിലൂടെ എല്ലാവരെയും ചിരിപ്പിച്ച എനിക്ക് മനസ്സ് തുറന്ന് ചിരിക്കാൻ ഇന്നേ വരെ കഴിഞ്ഞിട്ടില്ല.” അതൊരു പക്ഷേ ജീവിത സാഹചര്യങ്ങൾ കൊണ്ടാവാം. ‘വൃദ്ധൻമാരെ സൂക്ഷിക്കുക’, ‘ആദ്യത്തെ കൺമണി’, ‘ദില്ലിവാല രാജകുമാരി’ എന്നീ നിരവധി സിനിമകളിലടെ പ്രേക്ഷകർക്ക് പൊട്ടി ചിരിയുടെ മാല പടക്കങ്ങൾ സമ്മാനിച്ച കെ.ടി.എസ് പറയുന്നു. നാടകം അദ്ദേഹത്തിന്റ രക്തത്തിലലിഞ്ഞു ചേർന്നിട്ട് 60 വർഷം പിന്നിടുന്നു. ഒരു മാസം 48 നാടകങ്ങളോളം കെ.ടി.എസ് ചെയ്തിട്ടുണ്ട്. ഇരുപത്തി മൂന്നാം വയസ്സിലായിരുന്നു നാടകത്തിലേക്കുള്ള ആദ്യ ചുവട് വെയ്പ്പ്. അദ്ദേഹത്തിന്റെ മൂന്നാമത്തെ നാടകത്തിലെ കഥാപാത്രം പ്രേക്ഷകരെ കോരിത്തരിപ്പിച്ചപ്പോൾ നാടകം കാണാനെത്തിയ സിനിമ സംവിധായകൻ അദ്ദേഹത്തിൻ ആദ്യ ചിത്രത്തിലേക്ക് ഹാസ്യ കഥാപാത്രമായി പടന്നയെ ക്ഷണിക്കുകയായിരുന്നു. പിന്നീട് നിരവധി കഥാപാത്രങ്ങളുടെ മികവേറിയ അവതരണത്തിലൂടെ കെ ടി എസ് പടന്നയിൽ പ്രേക്ഷക മനസ്സുകൾ കഴടക്കി. സിനിമയിൽ സജീവമായിരുന്ന കാലത്തും ജീവിതത്തിന് അത്താണിയായിരുന്ന കുമ്മിട്ടി കച്ചവടം ഉപേക്ഷിച്ചിരുന്നില്ല.

നാടകത്തിന് വേണ്ടിയോ സിനിമക്ക് വേണ്ടിയോ കച്ചവടം ഉപേക്ഷിക്കാൻ തയ്യാറല്ല. സിനിമയിൽ വരുന്നതിനു മുൻമ്പേ കച്ചവം തന്നെയായിരുന്നു ജീവിത മാർഗം. “അച്ഛനും അമ്മയും വൃദ്ധരാവുമ്പോൾ അവരെ ഉപേക്ഷിക്കാൻ പറ്റ്യോ, അതുപോലെ ഒന്നിനു വേണ്ടിയും ഒരു തൊഴിലും നഷ്ടപെടുത്താൻ ഞാൻ തയ്യാറല്ല. ഇപ്പോഴത്തെ സിനിമകളിൽ അച്ഛനോ മുത്തശ്ശനോ ഒന്നും ഇല്ല. ടീനേജ് പിള്ളേർക്ക് ഒരു വണ്ടിയും പെണ്ണും മതി. ഇത് രണ്ടും ഉണ്ടെങ്കിൽ ഒരു സിനിമയായി. ഞങ്ങളുടെ സാന്നിധ്യം സിനിമക്കു വേണ്ടെന്നു തന്നെ പറയാം.” ചിരിച്ചുകൊണ്ട് ഇത് പറഞ്ഞപ്പോഴും പടന്നയുടെ കണ്ണ് നിറയുന്നുണ്ടായിരുന്നു.

പുറത്ത് ചിരിക്കുന്നുണ്ടെങ്കിലും ദു:ഖങ്ങളെല്ലാം മനസ്സിലൊതുക്കി തന്റെ അത്താണിയായ കുമ്മിട്ടി കടയിൽ ചമയങ്ങളില്ലാതെ പുഞ്ചിരി തൂകി ഉപഭോക്താക്കളെസ്വീകരിക്കുകയാണ് പടന്നയിൽ.






**നാടകത്തിന് വേണ്ടിയോ സിനിമക്ക് വേണ്ടിയോ കച്ചവടം ഉപേക്ഷിക്കാൻ തയ്യാറല്ല. സിനിമയിൽ വരുന്നതിനു മുൻമ്പേ കച്ചവം തന്നെയായിരുന്നു ജീവിത മാർഗം**

”

പഴയകാല സിനിമകളിൽ തിളങ്ങി നിന്ന നായിക നായകൻമാർ ഇന്നെവിടെയാണ് എന്നത് ഒരു ചോദ്യചിഹ്നമായി മാറിയപ്പോൾ അവരെ തേടി ഇറങ്ങുകയായിരുന്നു. കലാലോകത്തിന് മറക്കാനാവാത്ത സംഭാവനകൾ നൽകിയ ഇവരിൽ പലരും ഒരു കൈതാങ്ങു പോലും ഇല്ലാതെ അനാഥമായി ജീവിക്കുന്നു. പലരുടെയും മുഖത്തെ ചിരി അസ്തമിച്ചിരിക്കുന്നു. അമ്മ നൽകുന്നതുപോലെയുള്ള ധന സഹായങ്ങൾ നൽകാൻ സർക്കാരും ബന്ധപ്പെട്ട മറ്റ് സംഘടനകളും തയ്യാറായെങ്കിലേ ഇവരുടെ ജീവിതങ്ങൾ വീണ്ടും പ്രകാശമാനമാകൂ...







# ‘ബാലനാ’ണ്’ താരം

**കമ്മട്ടിപ്പാടത്തിലെ ബാലേട്ടൻ എന്ന കഥാപാത്രത്തെ അവതരിപ്പിച്ച് ജനഹൃദയങ്ങളിൽ ചേക്കേറിയ മണികണ്ഠൻ ആർ ആചാരിയുടെ ജീവിതം**

വൈശാഖ് കെ.



“നിനക്ക് അഭിനയം വഴങ്ങില്ലടാ, അഭിനയിക്കാനുള്ള കഴിവൊന്നും ഞാൻ നിന്നിൽ കാണുന്നില്ല.” ഗുരുവിന്റെ വാക്കുകൾ കേട്ട് ആ മലയാളി പയ്യൻ കൊച്ചുകുട്ടിയെ പോലെ ഇരുട്ടത്തിരുന്നു വിതുമ്പി. താൻ പറഞ്ഞത് കുറച്ച് അധികമായിപോയീ എന്ന് തോന്നിയപ്പോൾ തമിഴ് സിനിമാ ലോകം കീഴടക്കിയ അവന്റെ ഗുരു എഡിറ്റർ ലെനിൻ ആർ പറഞ്ഞു ‘സാരില്ലടാ പോട്ടെ, ഞാൻ പറഞ്ഞെന്നു കരുതി അങ്ങനെയാവില്ലാലോ. കഴിവുണ്ടെങ്കിൽ നീ സിനിമാ ലോകം കീഴടക്കും.’ ആ പയ്യനാണ് കമ്മട്ടി പാടത്തിലെ ബാലൻ എന്ന കഥാപാത്രത്തെ അവതരിപ്പിച്ച് ജനഹൃദയങ്ങളിൽ ചേക്കേറിയ മണികണ്ഠൻ ആർ ആചാരി.

കുട്ടികാലത്ത് അച്ഛൻ രാജൻ പണിക്കറിന്റെ മരണത്തിനു ശേഷം തൃപ്പൂണിത്തുറയിലെ അമ്മാവന്റെ വീട്ടിലേക്ക് താമസം മാറി. മണികണ്ഠനിൽ നാടക മോഹം തലക്കുപിടിക്കുന്നത് അവിടെവച്ചാണ്. ഒരു ദിവസം അമ്മാവൻ വീട്ടിലേക്ക് കയറി വന്നു അപ്പോൾ കൊച്ചുമണി അമ്മാവന്റെ സ്വരവും സംസാര രീതിയും അനുകരിച്ച് പറഞ്ഞു എങ്ങനെ ഭക്ഷണം കഴിച്ചു കൊണ്ടിരുന്ന കൊച്ചാണ് ഇപ്പം മെലിഞ്ഞ് ക്ഷീണിച്ച് പോയിരിക്കുന്നു അതുകേട്ട അമ്മാവൻ കുടു കുടാ ചിരിച്ചു. കുഞ്ഞുവായിൽ വലിയ വർത്തമാനം എന്നു പറഞ്ഞ് എല്ലാവരും മണിയെ ശാസിച്ചു. എന്നാൽ അമ്മാവൻ മാത്രം അവനെ ശാസിച്ചില്ല. അദ്ദേഹത്തിന്റെ ചിരി മണികണ്ഠനിലെ കൊച്ചു കലാകാരന് ഊർജം പകർന്നു. ആ നർമ്മ ബോധവും കുട്ടികാലത്തെ അഭിനയിത്തോടുണ്ടായിരുന്ന അഭിനിവേശവുമാണ് മണിയെ നടനാക്കി മാറ്റിയത്.

മണികണ്ഠൻ പഠിച്ച തൃപ്പൂണിത്തുറ എൽപി സ്ക്കൂളിൽ എല്ലാ വെള്ളിയാഴ്ച്ചകളിലും കുട്ടികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകുമായിരുന്നു. ആ ദിവസങ്ങളിൽ മിമിക്രിയും മോണോ ആക്ടും അവതരിപ്പിച്ച് മണി അവിടുത്തെ താരമായി മാറി. മറ്റു ദിവസങ്ങളിൽ ലീവെടുത്താലും വെള്ളിയാഴ്ച്ചകളിൽ ഒരിക്കൽ പോലും ലീവ് എടുത്തിട്ടില്ലെന്ന് മണി പറയുന്നു. പിന്നീട് കലാ ജീവിതം ഒരു ഭ്രാന്തായി തുടങ്ങി. തൃപ്പൂണിത്തുറ ബാലസംഘത്തിൽ ബാലനടനായി അരങ്ങേറ്റം കുറിച്ചു. ഏഴാം ക്ളാസിൽ പഠനം ഉപേക്ഷിച്ച് മുഴുവൻ സമയവും നാടകത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ആദ്യമൊക്കെ ബാസ്റ്റർ ബേരി എന്ന നാടക സംഘത്തിൽ കുറെ കാലം സഹനടനായി അഭിനയിച്ചു. നാടക സംവിധായകൻ ഉണ്ണി തൃപ്പൂണിത്തുറയുടെ ‘സ്കിറ്റൺ’ എന്ന നാടകത്തിൽ നായക തുല്യമായ കഥാപാത്രത്തെ അവതരിപ്പിച്ച് തിളങ്ങി നിൽക്കുമ്പോളാണ് ചെന്നെയിലെ സുഹൃത്ത് വഴി എഡിറ്റർ ലെനിൻ ആർ സംവിധാനം ചെയ്യുന്ന ‘പേസും പറവയ്കൾ’ സിനിമയിൽ വേഷം ചെയ്യാനായി വിളിക്കുന്നത്. അതിലെ അഭിനയം കണ്ടിട്ട് സിനിമാ സാങ്കേതിക പ്രവർത്തകരൊക്കെ പറഞ്ഞു ‘അണ്ണാ സൂപ്പർ ഒങ്കൾക്ക് ഇന്ത പടത്തിലൂടെ സൂപ്പർ എൻട്രി കിടക്കും.’ എന്നാൽ ആ സിനിമ സമ്മാനിച്ചത് നിരാശയായിരുന്നു. നിർമ്മാതാവിന്റെ സാമ്പത്തിക പ്രശ്നത്താൽ ആ സിനിമ പാതി വഴിയിൽ ഉപേക്ഷിച്ചു.





“ ചമ്പക്കര മാർക്കറ്റിൽ മത്സ്യവിൽപ്പനക്കാരനായി ജോലിച്ചെയുമ്പോഴാണ് രാജീവ് രവിയുടെ സഹായിയായ വിജയ്കുമാർ മണിയെ വിളിക്കുന്നത്. ഓഡിഷനിലെ അഭിനയം കണ്ടപ്പോൾ രാജീവ് രവി ബാലേട്ടനായി ഉറപ്പിച്ചു കഴിഞ്ഞിരുന്നു

“നടനായിട്ടേ നാട്ടിലേക്കുള്ളു എന്ന വാക്ക് നൽകിയാണ് ചെന്നെയിലേക്ക് വണ്ടികയറിയത്. തിരികെപോകാനുള്ള നാണകേട് കാരണം ചെന്നൈയിലെ സംഗീതാസ്സുഡിയോയിൽ സഹായിയായി ജോലിക്ക് കയറി. റൂം വാടക നൽകാൻ കഷ്ട്പെട്ടിരിക്കുമ്പോളാണ് അവിചാരിതമായി എഡിറ്റർ ലെനിൻ സാറിനെ വീണ്ടും കണ്ടുമുട്ടുന്നത്. എന്നെ വീട്ടിലേക്ക് കൊണ്ടുപോയി. ഞങ്ങൾ ഒന്നിച്ച് പാചകം ചെയ്തു. എപ്പോഴും അഭിനയത്തെ കുറിച്ചു സംസാരിച്ചു. അടിച്ചുവാരുന്നതും തുണിയലക്കുന്നതും അഭിനയത്തിൽ എങ്ങനെയാകണമെന്ന് സാർ എനിക്ക് കാണിച്ചു തന്നു പക്ഷെ ഞാൻ വിചാരിച്ചത് എന്നെക്കൊണ്ട് പണിയെടുപ്പിക്കാനായി പറയുന്നതാണിതൊക്കെയെന്ന്. പക്ഷെ എന്നിലെ അഭിനേതാവിനെ വാർത്തെടുക്കുകയായിരുന്നു സാർ.” മണികണ്ഠൻ പറയുന്നു

തിയറ്റർലാബ് എന്ന ഫിലീം ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഗുരു ശിഷ്യനെ കൂട്ടികൊണ്ടു പോയി. അഭിനയത്തിന്റെ വിവിധ തലങ്ങളെ മനസ്സിലാക്കാൻ അവിടുത്തെ പഠനം സഹായകമയി. അവിടെവെച്ച് അവതരിപ്പിച്ച ‘പുതുപട്ടർ’ എന്ന നാടകത്തിൽ മലയാള ചൊവ ഇല്ലാതെ തമിഴ് ഡയലോഗ് പറഞ്ഞ് കത്തികയറി. കാലമേറെയായില്ല മണികണ്ഠൻ അവിടുത്തെ അധ്യാപകനായി മാറി. തിയറ്റർലാബ് നിർമ്മിച്ച ‘ആയ വടൈ സുട്ട കഥൈ’ എന്ന സിനിമയിൽ മണി മികച്ച വേഷം ചെയ്തു. അതും വേണ്ടപോലെ ശ്രദ്ധിക്കപ്പെട്ടില്ല. ജോലി മതിയാക്കി മണികണ്ഠൻ നാട്ടിലേക്ക് വണ്ടികയറി.

“എല്ലാവർക്കും ഞാൻ മത്സ്യതൊഴിലാളിയായിരുന്നു എന്നുമാത്രമേ അറിയൂള്ളു എന്നാൽ ഞാൻ പലപണിക്കും പോയി. ആദ്യം തട്ടാനായി പിന്നെ കൽപ്പണി, കോൺക്രീറ്റ്, ബസിലെ കിളി, അപ്പോഴും സിനിമാ മോഹം ഉപേക്ഷിച്ചില്ല.” മണികണ്ഠൻ പറയുന്നു.

2013ൽ ‘യോഗി’ സിനിമ സംവിധാനം ചെയ്ത സുബ്രമണ്യ ശിവ മണികണ്ഠനെ തേടിയെത്തി. ഒരു വേഷമുണ്ടെന്നും വേഗം ചെന്നൈയിൽ എത്തണമെന്ന് പറഞ്ഞു വിളിച്ചു. നായകന്റെ കൂട്ടുകാരനായി ആ സിനിമയുടെ ഭാഗമായി. നിർഭാഗ്യവശാൽ ആ സിനിമയും പെട്ടിയിലുറങ്ങുന്നു. അതു പറയുമ്പോൾ മണികണ്ഠനിൽ സങ്കടം നിഴലിച്ചിരുന്നു.

ചമ്പക്കര മാർക്കറ്റിൽ മത്സ്യവിൽപ്പനക്കാരനായി ജോലിച്ചെയുമ്പോഴാണ് രാജീവ് രവിയുടെ സഹായിയായ വിജയ്കുമാർ മണിയെ വിളിക്കുന്നത്. ഓഡിഷനിലെ അഭിനയം കണ്ടപ്പോൾ തന്നെ രാജീവ് രവി ബാലൻ ചേട്ടനായി ഉറപ്പിച്ചു കഴിഞ്ഞിരുന്നു. “ആ സിനിമ എനിക്ക് ലഭിച്ച അഗീകാരമാണ്, ബാലൻചേട്ടൻ ജനങ്ങളിൽ സ്വീകാര്യത ലഭിച്ചതും ഒരു നിയോഗമായി കാണുന്നു.” മണികണ്ഠൻ പറയുന്നു.

ഇപ്പോൾ ഫർഹാൻ ഫാസിൽ നായകനായെത്തുന്ന ‘പ്രേമലേഖന’ത്തിന്റെ തിരക്കിലാണ് മണി. മമ്മൂട്ടിയുടെയും പൃഥിരാജിന്റെ അടുത്ത ചിത്രത്തിലും നല്ല വേഷങ്ങളുണ്ട്. മികച്ച അഭിനയം പുറത്തെടുക്കണമെന്ന മോഹം മാത്രമേ മണികണ്ഠനുള്ളു. പറ്റിയാൽ ഒരു ഓസ്കാറും അൽപ്പം ചിരിയോടെ പറഞ്ഞു

ഏൽപ്പിക്കുന്ന റോളുകൾ 100% ആത്മാർത്ഥതയോടെ ചെയ്യാൻ മണിക്ക് കഴിയുനമെന്നതിന്റെ തെളിവാണ് ബാലൻചേട്ടൻ. ബാലൻ ചേട്ടനെക്കാൾ തകർപ്പൻ റോളുകൾ ചെയ്യാൻ മണി ഒരുങ്ങി കഴിഞ്ഞു. വരുംകാല ചിത്രങ്ങൾ മണിയുടെ അഭിനയമികവിന്റെ വ്യക്തിമുദ്രകളാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.





# ആക്ഷൻഹീറോ 'ബിജു'

സിബിൽ ജോസ്

തമാശകൾ പറയുന്ന ഒരു ചങ്ങാതി... അടുത്തിരിക്കുന്ന ഒരു പരിചിതൻ... സ്വതസിദ്ധമായ അഭിനയം കൊണ്ട് ഓരോ വേഷവും തൻമയത്വത്തോടെ അവതരിപ്പിച്ച് പ്രേക്ഷക മനസ്സിൽ ഇടം നേടിയ കലാകാരൻ. ഇതൊക്കെയാണ് മലയാളിക്ക് ആലേഖനങ്ങളൊന്നും ആവശ്യമില്ലാത്ത ബിജു മേനോൻ എന്ന നടൻ. 24 വർഷത്തെ സിനിമജീവിതത്തിന്റെ വഴിത്താരകളിലൂടെ ബിജു മേനോൻ.

**● റേഡിയോ ആർട്ടിസ്റ്റായിട്ടയിരുന്നല്ലോ തുടക്കം, അവിടെ നിന്നും ബിഗ് സ്ക്രീനിലേക്കുള്ള ദൂരം എത്രയായിരുന്നു?**

1990 കളിൽ ആകാശവാണിയിലെ ഡബിങ്ങ് ആർടിസ്റ്റായിരുന്നു ഞാൻ. ശബ്ദം കൊണ്ടാണ് അന്നൊക്കെ പിടിച്ചു നിന്നത്. ആ സമയത്താണ് സംവിധായകൻ പത്മരാജന്റെ 'ഞാൻ ഗന്ധർവ്വൻ' എന്ന സിനിമയിലെ മുഖ്യ കഥാപാത്രത്തെ അവതരിപ്പിച്ച നിതീഷ് ഭരദ്വാജിന് ശബ്ദം നൽകാനായുള്ള ഓഡീഷന് ക്ഷണിച്ചത്. ഗന്ധർവ്വന് ശബ്ദം നല്കാൻ ഞാനും പോയി. എനിക്ക് സെലക്ഷൻ കിട്ടിയില്ല. പത്മേട്ടൻ അവിടെ വച്ച് എന്നോട് പറഞ്ഞത് എന്റെ കഥാപാത്രത്തിനുവേണ്ട ശബ്ദമല്ല നിന്റേതെന്നാണ്. പക്ഷേ എന്നെങ്കിലുമൊരിക്കൽ നിന്റെ ശബ്ദം ശ്രദ്ധിക്കപ്പെടും. പിന്നീട് സാർ തന്നെ സുഹൃത്തിന്റെ സീരിയലിലേക്ക് എന്നെ നിർദേശിച്ചു. 'മിഖായിലിന്റെ സന്തതികളെ'ന്ന സീരിയലിൽ കൂടി ഞാൻ ടി.വി സ്ക്രീനിലെത്തി. സീരിയലിലെ പ്രധാന കഥാപാത്രത്തിന്റെ ഇളയമകന്റെ വേഷമായിരുന്നു എനിക്ക്. ഡബ്ബിംഗ് ആർടിസ്റ്റായ ഞാൻ ഒരു നടനാകുമെന്ന് ഒരിക്കലും കരുതിയില്ല.

**● മിഖായേലിന്റെ സന്തതികൾ എന്ന സീരിയലിൽ ആദ്യമായി അഭിനയിക്കുമ്പോൾ സാധാരണക്കാരനായിരുന്ന ബിജു എന്ന വ്യക്തിക്ക് ഉണ്ടായ അനുഭവം എങ്ങനെയായിരുന്നു?**

എന്റെ അച്ഛൻ പി എൻ. ബാലകൃഷ്ണൻ പിള്ള ഒരു പോലീസുകാരനായിരുന്നു. അതുകൊണ്ടു തന്നെ ഞാൻ പഠിച്ചതും വളർന്നതുമെല്ലാം പോലീസ് ക്യാമ്പിലാണ്. പോലീസ് ചിട്ടയിൽ തന്നെയായിരുന്നു ജീവിതത്തിലെ ഓരോ ഘട്ടവും പിന്നിട്ടത്. പോലീസ് ക്യാമ്പിൽ നിന്നും ഒറ്റയ്ക്ക് ഒന്നിനും പുറത്തുപോകാൻ കഴിയാത്ത അവസ്ഥ. സിനിമകൾ കാണാനുള്ള സാഹചര്യങ്ങൾ വളരെ കുറവായിരുന്നു. എന്നാൽ ചെറുപ്പത്തിൽ തന്നെ നാടകത്തോടും അഭിനയത്തോടും എനിക്ക് പ്രത്യേക ഒരു ആവേശമുണ്ടായിരുന്നു. പക്ഷേ വീട്ടുകാർ ഇതിനെ അംഗീകരിച്ചിരുന്നില്ല. അച്ഛന് സിനിമയോട് കമ്പമില്ലായിരുന്നു. കൂട്ടുകാരുടെ കൂടെ ആരും കാണാതെ സിനിമയ്ക്ക് പോയിട്ടുണ്ട്. സിനിമ കാണാൻ പോയതിന്റെ ശിക്ഷയായി ഒരു പാട് തല്ല് വാങ്ങിച്ചു. സിനിമ വെറുതെ കാണുകയായിരുന്നില്ല. അതിലെ ഓരോ കഥാപാത്രത്തിന്റെയും അഭിനയത്തെ സൂക്ഷ്മമായി നിരീക്ഷിക്കുമായിരുന്നു. നടീനടൻമാരുടെ വേഷപ്പകർച്ച വീണ്ടും പുതിയ സിനിമകൾ കാണുവാനുള്ള പ്രേരണയായി. അഭിനേതാവെന്നതിൽ അപ്പുറം എന്റെ ഉള്ളിലുള്ള വലിയൊരാഗ്രഹമായിരുന്നു ആദ്യ സീരിയലിലൂടെ ഞാൻ കാഴ്ചവച്ചത്. മിഖായേലിന്റെ സന്തതികളിൽ അഭിനയിക്കുമ്പോൾ യഥാർത്ഥത്തിൽ ഞാൻ മുൻപേ കണ്ട പല നടീനടൻമാരുടെ അഭിനയ മുഹൂർത്തങ്ങൾ മനസിലേക്ക് ഓടിയെത്തി. അങ്ങനെയാണ് ആ അഭിനയം പൂർത്തീകരിച്ചത്.



**സിനിമയിലെത്തിയിട്ട് 24 വർഷം പൂർത്തിയാകുന്നു. മലയാള സിനിമ ഇതിനോടകം ഒരുപാട് മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. താങ്കൾ ഇതിനെ എങ്ങനെയാണ് നോക്കി കാണുന്നത്?**

ഇരുപത്തിനാല് വർഷമെന്നുള്ളത് വലിയൊരു കാലയളവാണ്. സിനിമയും ചുറ്റുപാടും എല്ലാം മാറി. ഏറ്റവും വലിയ മാറ്റം ടെക്നോളജിയിലാണ്. ബിഗ് ബജറ്റിൽ സിനിമ നിർമ്മിക്കാനുള്ള സാഹചര്യം മുമ്പില്ലായിരുന്നു. ഇപ്പോൾ ബജറ്റ് ഒരു പ്രശ്നമല്ലാതായിരിക്കുന്നു. സിനിമാ നിർമ്മാണം കൂടുതൻ സുഗമമായി. എഡിറ്റിംങ്ങിൽ വേഗത വന്നു. സിനിമയ്ക്കിപ്പോൾ വലിയൊരു മാർക്കറ്റുണ്ട്. ചാനലുകളിൽ നിന്നും സാറ്റലൈറ്റ് റേറ്റിംഗ് മറ്റുമായി ധാരാളം പണം ലഭിക്കുവാനുള്ള സാഹചര്യം ഉണ്ടായി. മുൻപൊക്കെ ഓരോ സീനും പലതവണ അഭിനയിച്ചു നോക്കി കൃത്യമായതിനു ശേഷമേ ഷൂട്ടു ചെയ്യാറുണ്ടായിരുന്നുള്ളൂ. കാരണം ഷൂട്ടിനായി ഫിലിമായിരുന്നു ഉപയോഗിച്ചിരുന്നത്. അത് നഷ്ടപ്പെടുത്തിയാൽ വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകുമായിരുന്നു. ഇപ്പോൾ എത്ര തവണ വേണമെങ്കിലും റീടേക്ക് എടുക്കാം. ക്യാമറയുടെ സ്റ്റോറേജ് സ്പേസിൽ നിന്നും ആവിശ്യമുള്ള രംഗങ്ങൾ മാത്രം എടുത്താൽ മതി. അതുകൊണ്ട് തന്നെ ആക്ടിംങ് ഈസിയായി. മുൻപത്തെപ്പോലെ ഡയലോഗ് മനഃപ്പാഠം പഠിക്കണ്ടാ. അഭിനയം സ്വതസിദ്ധമാക്കാനാണ് ഇപ്പോൾ എല്ലാവരുടെയും ശ്രമം.

**ആളുകൾ ഇപ്പോൾ എന്നോട് കൂടുതൽ അടുത്തിടപടാറുണ്ട്. എനിക്കു മനസ്സിലാക്കാൻ സാധിക്കുന്നത് ഒരു നടൻ എന്നതിലുപരി അവരിലൊരാളായി ഞാൻ മാറിയിരിക്കുന്നു എന്നാണ്**

**നായകൻ, പ്രതിനായകൻ, സഹനടൻ എന്നിങ്ങനെയുള്ള റോളുകൾ ചെയ്തു. ഏതു കഥാപാത്രമായി മാറിയപ്പോഴാണ് പ്രേഷകർ ഏറ്റവും കൂടുതൽ മൂല്യം കൽപിക്കുന്നത് എന്നു തോന്നിയത്?**

എല്ലാ കഥാപാത്രങ്ങൾക്കു പിന്നിലും ഓരോ കഥകളുണ്ടാകും, എനിക്ക് എല്ലാ റോളുകളും ചെയ്യാൻ ഇഷ്ടമാണ്. എന്റെ കഥാപാത്രം എങ്ങനെയാവണം എന്നു തീരുമാനിക്കുന്നത് ഓരോ സിനിമകളുമാണ്. പ്രേക്ഷകർ കൂടുതൽ എന്നോട് അടുക്കുന്നത് ഹ്യൂമറസ് റോളുകൾ ചെയ്തതിനു ശേഷമാണെന്ന് തോന്നുന്നു. സിനിമയുടെ സാഹചര്യമനുസരിച്ചാണ് ഹ്യൂമറസ് റോളുകൾ ഉണ്ടാകുന്നത്. പണ്ടൊക്കെ ആളുകൾക്ക് സിനിമാതാരമാണെന്ന കൗതുകം മാത്രമാണ് എന്നോടുണ്ടായിരുന്നത്. പക്ഷേ ഇപ്പോൾ അവർ എന്നോട് കൂടുതൽ അടുത്തിടപടാറുണ്ട്. എനിക്കു മനസ്സിലാക്കാൻ സാധിക്കുന്നത് ഒരു നടൻ എന്നതിലുപരി അവരിലൊരാളായി ഞാൻ മാറിയിരിക്കുന്നു എന്നാണ്.

**കോമഡി കഥാപാത്രങ്ങൾ ചെയ്യുക എന്നത് തികച്ചും ശ്രമകരമായ ഒരു കാര്യമല്ലേ?**

അടുത്തിടെ കോമഡിറോൾ കൈകാര്യം ചെയ്ത ഒരു ചിത്രമായിരുന്നു വെള്ളിമൂങ്ങ. കുറഞ്ഞ ചിലവിൽ നിർമ്മിച്ച സിനിമ സാധാരണ സിനിമകളിൽ നിന്നും വ്യത്യസ്തമായ ഒന്ന്. ചിരിപ്പിക്കാൻ വേണ്ടിയല്ല മറിച്ച് സ്വാഭാവികമായി തന്നെ പ്രേക്ഷകർ ആ കഥാപാത്രത്തെ ഉൾക്കൊള്ളാൻ കഴിയുന്ന വിധത്തിലായിരുന്നു സിനിമയിലെ







മാമച്ചൻ എന്ന കഥാപാത്രത്തിന്റെ വേഷം. ശ്രമകരമായിരുന്നോ എന്നു ചോദിച്ചാൽ ഒരാളെ ചിരിപ്പിക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ലല്ലോ. അതുതന്നെയാണ് കോമഡി റോളുകൾ ചെയ്ത് വിജയിപ്പിക്കുമ്പോൾ ലഭിക്കുന്ന സംതൃപ്തി.

**പ്രേക്ഷകർക്ക് കൂടുതൽ സ്വീകാര്യനായ നടനായി മാറിയിരിക്കുകയാണ് ബിജു മേനോൻ. ഉത്തരവാദിത്വം കൂടുകയാണല്ലോ. പ്രേക്ഷകരുടെ പ്രതികരണത്തെ എങ്ങനെ വിലയിരുത്തുന്നു?**

തീർച്ചയായും ഉത്തരവാദിത്വം കൂടുകയാണ്. ഒരു കലാകാരന്റെ വളർച്ചയും തളർച്ചയും നിശ്ചയിക്കുന്നത് പ്രേക്ഷകർ തന്നെയാണ്. അതുകൊണ്ട് തന്നെ നല്ല സിനിമയുടെ ഭാഗമാകുക എന്നതാണ് പ്രധാനം.

**പല പ്രശസ്ത താരങ്ങളും പരസ്യങ്ങളുടെ ലോകത്ത് വളരെ സജീവമാണ്. താരങ്ങൾ സാധാരണയായി അഭിനയിക്കുന്ന പരസ്യങ്ങളിൽ നിന്നും വ്യത്യസ്തമായി സാമൂഹിക പ്രതിബന്ധതയ്ക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങളിലാണ് താങ്കൾ മുഖം കാണിക്കുന്നത്?**

സത്യം പറഞ്ഞാൽ പരസ്യങ്ങളിൽ അഭിനയിക്കാൻ താത്പര്യം കുറവാണ്. ഒരുപാട് ക്ഷണം ഉണ്ടായിട്ടുണ്ട്. എന്തോ ഒട്ടും താത്പര്യം ഇല്ല. മനോരമ പ്രിവില്ലേജ് കാർഡിനായാണ് ഒടുവിൽ അഭിനയിച്ചത്. അതു ചെയ്തത് ആളുകൾക്ക് ചെറിയ ഗുണം ഉണ്ടെന്ന് തോന്നിയതുകൊണ്ടാണ്. കഴിവതും പരസ്യങ്ങളിൽ നിന്നും മാറി നിൽക്കാൻ ആഗ്രഹിക്കുന്ന ആളാണ് ഞാൻ.

**സിനിമയെന്ന മായാലോകം ബിജു മേനോൻ എന്ന നടനെയും വ്യക്തിയെയും എങ്ങനെയാണ് സ്വാധീനിക്കുന്നത്?**

സിനിമയെന്നത് എപ്പോഴും എല്ലാവർക്കും ഒരു കൗതുകമാണ്. ഒരു തരത്തിലല്ലങ്കിൽ മറ്റൊരു തരത്തിൽ. പക്ഷേ ഞാനെന്ന വ്യക്തി സാധാരണക്കാരനാണ്. ഏതൊരാളെയും പോലെ കുടുംബത്തിനൊപ്പം ചിലവഴിക്കാൻ ആഗ്രഹിക്കുന്ന ആൾ. എന്നാൽ നടനെന്ന രീതിയിൽ നോക്കുമ്പോൾ അതിന് മാറ്റം സംഭവിക്കുന്നു. സ്വകാര്യ ജീവിതം ആഘോഷിക്കാൻ പലപ്പോഴും അഭിനേതാക്കൾക്ക് സാധിക്കാറില്ല. ഞാൻ ഓരോ ചിത്രത്തിലെയും വർക്കുകൾക്കു ശേഷം വീട്ടിലെത്തുമ്പോൾ എന്റെ മകൻ അദ്വൈത് ഓരോ ഇഞ്ച് വീതം വളർന്നിട്ടുണ്ടാകും. പലപ്പോഴും അവന്റെ വളർച്ചയുടെ ഭാഗമാകാൻ എനിക്കു സാധിച്ചിട്ടില്ല. അത് എന്നെ വളരെയധികം വിഷമിപ്പിച്ചിട്ടുണ്ട്. സംയുക്ത വീട്ടിൽ സാധാരണക്കാരിയായ അമ്മയാണ്. ഞങ്ങളുടെ കാര്യങ്ങളെല്ലാം നോക്കുന്ന നല്ലൊരു വീട്ടമ്മയായി മാറിയിരിക്കുന്നു. മോന്റെ എല്ലാ കാര്യങ്ങളും അവൾ കണ്ടറിഞ്ഞു ചെയ്യുന്നു എന്നതാണ് ഒരാശ്വാസം. എന്റെ ജോലിയെ മനസിലാക്കുന്ന ഒരു ഭാര്യ തന്നെയാണ് അവൾ. നാ ൽപത് അമ്പത് ദിവസത്തെ ഷെഡ്യൂളുകൾക്ക് ശേഷം വീട്ടിൽ എത്തിയ സന്ദർഭങ്ങളുണ്ട്. ആ സമയമാണ് മകന്റെ കൂടെ ചിലവഴിക്കാൻ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത്. വീടിന്റെ മുറ്റത്ത് നിൽക്കുന്ന മൂവാണ്ടൻ മാവിന്റെ ചുവട്ടിൽ അവൻ കളിക്കുന്നതും അതിന്റെ മുകളിൽ കയറി നിൽക്കുന്നതുമൊക്കെ കാണാനാണ് എനിക്കിഷടം.മാമ്പഴം ഒരു പാടിഷ്ടമാണവന്. ഒരുപാട് പേർ പറഞ്ഞു വീടിന് മറയായ മാവ് മുറിച്ച് കളയാൻ. പക്ഷേ എന്റെ മകൻ സാധാരണ കുട്ടി തന്നെയാണ്. മണ്ണിന്റെ മണവും പ്രകൃതിയുടെ ഗന്ധവും അറിഞ്ഞ് അവൻ വളരണം. അമ്മയുടെ ശകാരത്തിൽ നിന്നും അവന് കുറച്ചിളവ് ലഭിക്കുന്നത് ഞാൻ വരുമ്പോഴാണ്. പഠിക്ക് പഠിക്ക് എന്നുള്ള സംയുക്തയുടെ വർത്തമാനം കേൾക്കാതിരിക്കാനുള്ള അവന്റെ തന്ത്രങ്ങളൊക്കെ കാണാനും ചില കുസൃതികൾ കണ്ടില്ലെന്ന് വയ്ക്കാനും  ഇടയ്ക്കൊക്കെ ശിക്ഷിക്കാനും ഏതൊരച്ഛനേയും പോലെ എനിക്കിഷ്ടമാണ്. പക്ഷേ ചിലപ്പോഴൊക്കെ ജോലിയുടെ ഭാഗമായി എല്ലാം മനസ്സിലാക്കുക, അവിടെയാണ് എല്ലാം വിജയിക്കുന്നത്.

**പഠിക്ക് പഠിക്ക് എന്നുള്ള സംയുക്തയുടെ വർത്തമാനം കേൾക്കാതിരിക്കാനുള്ള അവന്റെ തന്ത്രങ്ങളൊക്കെ കാണാനും ചില കുസൃതികൾ കണ്ടില്ലെന്ന് വയ്ക്കാനും  ഇടയ്ക്കൊക്കെ ശിക്ഷിക്കാനും ഏതൊരച്ഛനേയും പോലെ എനിക്കിഷ്ടമാണ്**







# ചാർലി പ്രണയിച്ച പാഞ്ചാലിമേട്

**ദുൽഖർ സൽമാൻ അഭിനയിച്ച ചാർലി എന്ന ചിത്രത്തിലെ കഥാപാത്രം സഞ്ചരിച്ച വഴിയിലൂടെ ഒരു യാത്ര**

അഞ്ജലി എ കെ.

കരയെ തട്ടിമാറ്റുന്ന തിരമാലപോലെ മഴയെ കൊണ്ടുപോവാൻ വരുന്ന തെക്കൻ കാറ്റിന്റെ ശബ്ദം ചെവിയിൽ അലയടിച്ചു കൊണ്ടേയിരുന്നു. മനുഷ്യൻ പിറന്നു വീണ വീടാണ് പ്രകൃതി. പാഞ്ചാലിമേട് അത് അന്വർത്ഥമാക്കുന്നു. വേനലവധിയും പെരുമഴക്കാലവും കഴിഞ്ഞു, ഇനിയൊരു ചാറ്റൽ മഴ നനയാം. അത് പാഞ്ചാലിമേട്ടിൽ നിന്നാവുമ്പോൾ മഴയ്ക്ക് പുതുമയേറുന്നു. തെരുവ പുല്ലും തൊട്ടാവാടിയും കഥ പറയുന്നതിനിടയിൽ ഏതോ കഥാപാത്രത്തിന്റെ സ്വരം കാതിൽ മുഴങ്ങുന്നതുപോലെ. 'ഇതൊന്നും കാണാതെ അങ്ങോട്ട് വന്നിട്ടെന്തിനാ? ഇതൊക്കെ കണ്ടിട്ടാണോ അങ്ങോട്ട് വന്നേ എന്ന് ചോദിച്ചാൽ എന്ത് പറയും.' ചാർലിയുടെ ശബ്ദമായിരുന്നു അത്. മാർട്ടിൻ പ്രക്കാട്ട് സംവിധാനം ചെയ്ത 'ചാർലി' സിനിമയിൽ ദുൽഖർ സൽമാൻ എന്ന കഥാപാത്രം സഞ്ചരിച്ച വഴിയിലൂടെയുള്ള ഒരു യാത്രയായിരുന്നു അത്.

പാഞ്ചാലി മേട്ടിന്റെ ആദ്യ പടവുകൾ കയറാനൊരുങ്ങുകയാണ്. ഇതുവരെ വന്ന വഴികൾ മായാതെ മനസ്സിൽ കിടപ്പുണ്ട്. അറിയാതെ മനസ്സ് വന്ന വഴികളിലേക്കൊന്ന് തിരിഞ്ഞു നോക്കി.

സൂര്യ വെളിച്ചം പരക്കുന്നതിനു മുമ്പേ കണ്ണും നുള്ളി പൊളിച്ച് വളരെ മടിപിടിച്ചാണ് വണ്ടിയിൽ കയറിയത്. ശരീരത്തേയും മനസ്സിനേയും തണുപ്പ് കോച്ചി പിടിക്കുന്ന പകൽ. എപ്പഴോ ഉറക്കത്തലേക്ക് വഴുതി വീണു. പിന്നീടെപ്പോഴോ ചാറ്റൽ മഴ വന്ന് മുഖത്തടിച്ച് വിളിച്ചെഴുന്നേൽപ്പിക്കുയായിരുന്നു.

പുതിയൊരു ലോകത്തെത്തിയ പോലെ, ഇരുവശങ്ങളിലെ കൊക്കയുടെയും പാറക്കെട്ടിന്റെയും ഇടയിലൂടെ ഓടുന്ന വണ്ടിയിൽ നിന്നും പിറകോട്ട് നോക്കിയാൽ അങ്ങ് ദൂരെ നിന്നും ഏന്തി വലിഞ്ഞു വരുന്ന വാഹനങ്ങൾ ഉറുമ്പ് ഇഴയുന്നതു പോലെ തോന്നും. വാഗമൺ, കുമിളി, കട്ടപ്പന റൂട്ടുകളിലെ ബസ്സുകൾ ഇതിലെയാണത്രേ പോകുന്നത്.

ഈരാറ്റു പേട്ടത്തിയപ്പോൾ സമയം 8.35. വാഗമണ്ണിലേക്കിനി 38 കിലോമീറ്ററുണ്ട്. മുകളിലേക്ക് കയറും തോറും സിറിൾ ചേട്ടന്റെ വണ്ടിക്ക് ശ്വാസം മുട്ടി. യാത്ര ചെയ്യാനിഷ്ടമുള്ള സിറിൾ ചേട്ടൻ സഞ്ചാരികളെ ഇടുക്കിയുടെ ഹൃദയത്തിലേക്ക് ചേക്കേറാനായി കൊണ്ടു പോവുന്ന ഈ പണി ആരംഭിച്ചിട്ട് ഇരുപതു വർഷമായി. പരന്ന റോഡുകൾ ഇടുങ്ങി വളഞ്ഞ റോഡുകളായി മാറി. പാഞ്ചാലിമേട്ടിലേക്കൊരു യാത്രയെന്ന ലക്ഷ്യം ചെറുതല്ലെന്നറിഞ്ഞു തുടങ്ങി.

കോടമഞ്ഞിനിടയിലൂടെ ചൊരിയുന്ന ചാറ്റൽ മഴ നനയാൻ ഒരു കൊതി തോന്നി വണ്ടിയിൽ നിന്നും ഇറങ്ങിയപ്പോൾ തണുപ്പിന്റെ തീവ്രതയിൽ പല്ലുകൾ തമ്മിൽ കൂട്ടിയുരുമ്മി. ക്യാമറ കണ്ണിൽ ആ മലയോരങ്ങളെ പതിപ്പിക്കാൻ തുടങ്ങിയപ്പോഴേക്കും മൂടൽ മഞ്ഞു വന്ന് പ്രദേശമാകെ വെള്ള നിറം കൊണ്ട് തടവി.

വാഗമൺ കുരിശുമലയുടെ അടിവാരത്തെത്തിയപ്പോൾ തണുപ്പിന് ആശ്വാസമുണ്ടായിരുന്നു. എവിടയോ കണ്ടു മറന്ന സ്ഥലം.

**കൊക്കയുടെയും പാറക്കെട്ടിന്റെയും ഇടയിലൂടെ ഓടുന്ന വണ്ടിയിൽ നിന്നും പിറകോട്ട് നോക്കിയാൽ അങ്ങ് ദൂരെ നിന്നും ഏന്തി വലിഞ്ഞു വരുന്ന വാഹനങ്ങൾ ഉറുമ്പ് ഇഴയുന്നതു പോലെ തോന്നും**



വാഗമൺ കുരിശുമല



വള്ളങ്ങാനം വെള്ളച്ചാട്ടം


നീലക്കുറിഞ്ഞി പൂത്തപ്പോൾ

ദിലീഷ് പോത്തൻ സംവിധാനം ചെയ്ത 'മഹേഷിന്റെ പ്രതികാരം' എന്ന സിനിമയിൽ ഫഹദ് ഫാസിൽ മഹേഷ് എന്ന കഥാപാത്രമായി കുരിശും കയ്യിലേന്തി കയറിയ സ്ഥലമാണ് വാഗമൺ കുരിശു മല. താഴെ നിന്നു കൊണ്ട് അങ്ങേയറ്റം വരെ കുരിശു മലയുടെ മുകളിലേക്ക് നോക്കിക്കാണുമ്പോൾ കണ്ണെടുക്കാൻ തോന്നിയില്ല. അത്രക്കും മനോഹാരിതയുണ്ടതിന്. വെള്ള കുരിശുകൾ പാറകൾക്കിടയിൽ കുത്തി വെച്ച മലയോരം. ആ പാറകൾക്കിടയിലൂടെ ദു:ഖവെള്ളിയുടെ അനുസ്മരണമായി കുരിശും ചുമന്ന് കയറുന്ന ആളുകളെ കുറിച്ചോർത്തപ്പോൾ ആശ്ചര്യം തോന്നി.

പരുന്തൻ പാറയിലെത്തിയപ്പോൾ സമയം 12.30. വല്ലാതെ വിശക്കുന്നുണ്ടായിരുന്നെങ്കിലും ചിറകു വീശി പറക്കാനൊരുങ്ങി നിൽക്കുന്ന പരുന്തിന്റെ ശിലാരൂപം കണ്ടപ്പോൾ അന്താളിച്ചു നിന്നുപോവുകയായിരുന്നു. വിശപ്പു വിട്ടൊഴിഞ്ഞു. അപ്പോഴാണ് ആരോ പറഞ്ഞറിഞ്ഞത് നീലകുറിഞ്ഞി പൂത്തിട്ടുണ്ടെന്ന്.

പന്ത്രണ്ട് വർഷത്തിലൊരിൽ പൂക്കുന്ന നീല കുറിഞ്ഞിയെ കാണാൻ ഒരു പക്ഷേ ഇനി അവസരം കിട്ടിയെന്ന് വരില്ല.ആ സ്ഥലത്തേക്ക് വണ്ടിയെത്തും തോറും ആകാംക്ഷ കൂടി കൊണ്ടേയിരുന്നു. ദൂരെ നിന്നും നോക്കിയപ്പോൾ കുന്നിൻ മുകളിലാരോ നീല പട്ട് വിരിച്ചിരിക്കുന്നതുപോലെ തോന്നി. നീല കുന്നിന്റെ മുകളിലേക്ക് ആഞ്ഞു കയറി. നീലാകാശ ചുവട്ടിൽ കാറ്റിനൊപ്പം താളമിട്ട് തലയാട്ടി വിരിഞ്ഞു നിൽക്കുന്ന പൂക്കൾ കണ്ണഞ്ചിപ്പിച്ചു. ജീവിതത്തിൽ ഒരിക്കൽ മാത്രം ലഭിക്കുന്ന അപൂർവ്വ അനുഭവമായിരുന്നു അത്. ആ നിമിഷം മനസ്സിലൊന്നുറപ്പിച്ചു. പന്ത്രണ്ട് വർഷം കഴിഞ്ഞ് ഈ നീല കുറിഞ്ഞികളെ കാണാൻ വീണ്ടും ഞാൻ വരും. നീല കാഴ്ച്ചകൾ മങ്ങാതെ ഒപ്പിയെടുത്ത് പൂക്കളോട് യാത്ര പറഞ്ഞ് മനസ്സില്ലാ മനസ്സോടെ അവിടെ നിന്നും ഇറങ്ങി. വള്ളങ്ങാനം വെള്ളചാട്ടത്തിനിരികിലേക്ക് നീങ്ങി. ചാർലി സിനിമയിൽ നായകൻ കടന്നു പോയ മറ്റൊരിടത്തേക്ക്...

ഫ്ളാഷ്ബാക്ക് കഴിഞ്ഞ് മനസ്സ് വീണ്ടും പാഞ്ചാലി മേടിനെ വരവേറ്റു നിൽക്കുന്ന


മഞ്ഞു നീങ്ങിയ പരുന്തുംപാറ





കൂറ്റൻ കവാടത്തിനു മുൻപിലേക്കു തിരിച്ചെത്തി. പാഞ്ചാലി മേട്ടിലേക്കുള്ള ആദ്യ പടവുകൾ താണ്ടുകയാണ്. പാഞ്ചാലിമേട് രണ്ട് മത സംസ്കാരവുമായി ബന്ധപ്പെട്ടു കിടക്കുന്ന ഇടമാണ്. ഒരു വശം മരിയൻ തീർത്ഥാടന കേന്ദ്രവും മറു ഭാഗത്ത് ദേവീ ക്ഷേത്രവും കുടികൊള്ളുന്നിടം ഹിന്ദുക്കൾ കൈകാര്യം ചെയ്യുന്ന സ്ഥലമാണത്രേ. അതുകൊണ്ടു തന്നെ പാഞ്ചാലി മേടിന്റെ മൊത്തം സ്ഥലവും ഒരൊറ്റ ജാതിക്കാർക്ക് മാത്രം തീറു നൽകണം എന്നതിനെ തുടർന്ന് ഹിന്ദു ക്രിസ്ത്യൻ ലഹളകൾ സൃഷ്ട്ടിക്കുകയാണിവിടെ.

പാഞ്ചാലിമേടിന് ഈ പേര് വരാൻ ഒരു കാരണമുണ്ട്. പഞ്ചപാണ്ഡവൻമാർ ഒളിവിൽ താമസിച്ച സ്ഥലമെന്നാണ് ഇതറിയപെടുന്നത്. അവർ താമസിച്ചെന്നു പറയപെടുന്ന ഗുഹയും പാഞ്ചാലി സ്നാനം ചെയ്തെന്നു പറയപ്പെടുന്ന കുളവും ഇവടുത്തെ സവിശേഷതയാണ്.

അങ്ങനെ പാഞ്ചാലിമേടിന്റെ കഥകൾ കേട്ട് നടന്നെത്തിയത് പാഞ്ചാലി സ്നാനം ചെയ്ത കുളത്തിനരികെയാണ്. കരിങ്കല്ലുകൊണ്ട് കെട്ടിപ്പടുത്ത കുളത്തിൽ പച്ചനിറത്തിലുള്ള വെള്ളം. നടത്തത്തിന്റെ വേഗതകൂട്ടി ചവിട്ടിക്കയറുന്ന കുന്നിന്റെ ഇരുവശങ്ങളിലും ഈണത്തിൽ വീശുന്ന കാറ്റിൽ നൃത്തം ചെയ്യുന്ന തെരുവപ്പുല്ലുകൾ. ഉയരങ്ങളിലേക്ക് കയറിയെത്തും തോറും എന്തെന്നില്ലാത്ത ആവേശം. ഏറ്റവും ഉയരത്തെത്തിയിരിക്കുന്നു. മേഘങ്ങളെ തൊട്ടറിയാൻ കഴിയുന്നതുപോലെ തോന്നി. അവിടെനിന്നു നോക്കിയാൽ ഇടുക്കിയുടെ മിക്ക പ്രദേശങ്ങളും അങ്ങകലെയായി കാണാം.

പാഞ്ചാലിമേടിനെ കൂടുതൽ അറിഞ്ഞുതുടങ്ങിയപ്പോൾ തിരിച്ചിറങ്ങാൻ തോന്നിയില്ല. താഴേക്ക് നോക്കിയപ്പോൾ ചാർലിയിലൂടെ പ്രശസ്തമായ ഈ സുന്ദരിമേടിനെ കാണാനായി വിനോദ സഞ്ചാരികൾ കുന്നുകയറി വരുന്നു. മാനംമുട്ടി നിൽക്കുന്ന മലയിലേക്ക് പുറം തിരിഞ്ഞു നിന്ന് സെൽഫിയെടുത്ത് പ്രകൃതിരമണീയമായ ദൃശ്യം ക്യാമറയിലും മനസ്സിലും പതിപ്പിച്ചു. അപ്പോൾ ചാറ്റൽമഴയിൽ നനഞ്ഞ് തെരുവപ്പുല്ലുകൾ നാണം കുണുങ്ങിക്കൊണ്ട് യാത്ര പറഞ്ഞു.

**നീലാകാശ ചുവട്ടിൽ കാറ്റിനൊപ്പം താളമിട്ട് തലയാട്ടി വിരിഞ്ഞു നിൽക്കുന്ന പൂക്കൾ കണ്ണഞ്ചിപ്പിച്ചു. ജീവിതത്തിൽ ഒരിക്കൽ മാത്രം ലഭിക്കുന്ന അപൂർവ്വ അനുഭവമായിരുന്നു അത്**


ചിറകു വിരിച്ച പരുന്തുംപാറ



# അജയന്റെ 'ഭാവന'

അജിത്ത് ജോസഫ്

ആകാശത്തുനിന്നും ചിതറി വീണ തൂവെൺമയാർന്ന മേഘതുണ്ടുപോലെ അപ്പൂപ്പൻതാടികൾ അവളെ വലയം ചെയ്തു. അവൾക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. ആയിരത്തോളം അപ്പൂപ്പൻ താടികൾ അന്തരീക്ഷത്തിൽ പാറിപ്പറക്കുന്നു. അവളുടെ ആകാംഷ കലർന്ന ആ നോട്ടത്തിന്റെ മനോഹാരിത ഒട്ടും ചോർന്നുപോകാതെ നായകൻ ആ നിമിഷം തന്റെ ക്യാമറ കണ്ണിൽ അതൊപ്പിയെടുത്തു.

ദിലീഷ് പോത്തൻ സംവിധാനം ചെയ്ത 'മഹേഷിന്റെ പ്രതികാരം' എന്ന സിനിമയിൽ അപ്പൂപ്പൻതാടിയെ തേടിയുള്ള കലാസംവിധായകന്റെ യാത്ര അവസാനിക്കുന്നത് ക്യാമറകണ്ണുകൾക്ക് മുന്നിൽ അപ്പൂപ്പൻതാടികൾ വെൺമഴ പൊഴിച്ചപ്പോഴാണ്. യഥാർത്ഥ അപ്പൂപ്പൻതാടിയോട് കിടപിടിക്കുന്ന ആയിരക്കണക്കിന് അപ്പൂപ്പൻതാടികൾ ഉണ്ടാക്കിയെടുക്കാൻ നടത്തിയ പ്രയത്നമാണ് അജയൻ ചാലിശ്ശേരി എന്ന കലാസംവിധായകന്റെ മികവിന്റെ സാക്ഷ്യപത്രം. ഇടുക്കിയുടെ പശ്ചാതലത്തിൽ അണിയിച്ചൊരുക്കിയ 'മഹേഷിന്റെ പ്രതികാര'ത്തിന്റെ കരുത്ത് അതിന്റെ അവതരണരീതിയും പശ്ചാത്തലവും അവയോടു ചേരുംപടി ചേർത്ത കലാസംവിധാനവുമായിരുന്നു.



അജയൻ നിർമ്മിച്ച അപ്പൂപ്പൻതാടി

## ഒരു അപ്പൂപ്പൻതാടിക്കഥ

അപ്പൂപ്പൻതാടിക്ക് സിനിമയിൽ ഇത്രയും വിലയുണ്ടെന്ന് അജയൻ മനസ്സിലാക്കിയത് അന്നായിരുന്നു. അപ്പൂപ്പൻതാടിയില്ലാത്തതുകൊണ്ട് ചിത്രീകരണം നിർത്തിവെക്കേണ്ടുന്ന അവസ്ഥ. അപ്പൂപ്പൻതാടികൾ ശേഖരിക്കുന്നവരുമായി ബന്ധപ്പെട്ടെങ്കിലും സീസണല്ലാത്തതിനാൽ ലഭിച്ചില്ല. അങ്ങനെ അപ്പൂപ്പൻതാടികൾ കൃത്രിമമായി നിർമ്മിക്കാൻ തന്നെ തീരുമാനിച്ചു. പക്ഷെ എന്ത് മെറ്റീരിയൽ ഉപയോഗിക്കും ?

പല കടകളിൽ കയറിയിറങ്ങി. പല വസ്തുക്കൾകൊണ്ടും അപ്പൂപ്പൻതാടി നിർമ്മിച്ചു നോക്കി, എന്നാലവയൊന്നും വിജയിച്ചില്ല. കുറെ കറങ്ങിത്തിരിഞ്ഞ് അവസാനം കട്ടപ്പനയിലെ ഒരു സ്റ്റേഷനറിക്കടയിൽ വച്ചിരുന്ന പെൺകുട്ടികളുടെ ഹെയർബാന്റിലെ തൂവലുകൾ അജയന്റെ ശ്രദ്ധയിൽപ്പെട്ടു. കടയിൽ ആകെയുണ്ടായിരുന്ന ലൈറ്റ് പിങ്ക് നിറമുള്ള മൂന്നു ഹെയർബാന്റുകളും വാങ്ങി. തൂവൽ കൊണ്ട് അപ്പുപ്പൻതാടിയുടെ മുകൾഭാഗവും നേർത്ത ബട്ടർപ്പേപ്പർ കൊണ്ട് ചുവടുഭാഗവും നിർമ്മിച്ചു. അതു വിജയിച്ചു. യഥാർത്ഥ അപ്പൂപ്പൻതാടി പോലെ. എന്നാൽ അതിന്റെ പിങ്ക് നിറം നീക്കം ചെയ്യാൻ സാധിച്ചില്ല. സിനിമയിൽ ആദ്യത്തെ സീനിൽ ഉപയോഗിച്ചിരിക്കുന്ന അപ്പൂപ്പൻതാടി ഇതാണ്. സൂക്ഷിച്ചുനോക്കിയാൽ കാണാം അപ്പൂപ്പൻതാടിയുടെ പിങ്ക് നിറം.

സിനിമയിൽ ആയിരത്തോളം അപ്പൂപ്പൻതാടികൾ ആവശ്യമായിരുന്നു. അജയൻ വീണ്ടും കട്ടപ്പനയിലെ ആ സ്റ്റേഷനറിക്കടയിൽ എത്തിയെങ്കിലും അതവിടെ സ്റ്റോക്കുണ്ടായിരുന്നില്ല. ബോംബയിൽ നിന്നും വരുത്തിച്ചതാണെന്നറിഞ്ഞപ്പോൾ അജയന്റെ ഒരു ഫെയ്സ്ബുക്ക് സുഹൃത്ത് വഴി ബോംബയിലെ ഒരു തൂവൽ വ്യാപാരിയുമായി പരിചയപ്പെട്ടു. ഒട്ടകപക്ഷിയുടെ നേർത്ത തൂവലുകളായിരുന്നു അത്. ഒരു തൂവലിന് 200 മുതൽ 250 രൂപവരെയാണ് വില. ഒരു തൂവലിൽ നിന്ന് നാല് അപ്പൂപ്പൻതാടിയേ നിർമ്മിക്കാനാവുമായിരുന്നുള്ളൂ. അങ്ങനെ തൂവലുകൾ വരുത്തിച്ചു. 1000 അപ്പൂപ്പൻതാടികൾ എട്ടു പേരുകൂടി ആറു ദിവസംകൊണ്ടാണ് നിർമ്മിച്ചത്. അപ്പൂപ്പൻതാടി നിർമ്മാണത്തിന് മാത്രം ഒരു ലക്ഷം രൂപ ചിലവായി.

## ഭാവനാ സ്റ്റുഡിയോ

തങ്കമണിക്കടുത്തുള്ള 'പ്രകാശ്' എന്ന ഗ്രാമത്തിലാണ് ഭാവന സ്റ്റുഡിയോയ്ക്കും ബേബി ആർട്സിനും സെറ്റിട്ടത്. യഥാർത്ഥത്തിലുള്ളതെന്നു തോന്നുന്നവിധത്തിലായിരുന്നു സ്റ്റുഡിയോയുടെയും ബേബി ആർട്സിന്റെയും നിർമ്മാണം. പഴയകാലത്തെ ഓർമ്മിപ്പിക്കുന്ന സ്റ്റുഡിയോയുടെ ചുമരുകളും കർട്ടനുകളുമെല്ലാം വളരെ ശ്രമകരമായാണ് കലാസംവിധാനം ചെയ്തത്.

"ബേബി ആർട്സിന്റെ സെറ്റ് എന്റെ തന്നെ ജീവിതത്തിന്റെ ഭാഗമാണ്. ഞാൻ സിനിമയിലേക്ക് വരുന്നതിനുമുമ്പ് പതിനഞ്ചു വർഷത്തോളം 'തുളസി ഡിസൈൻസ്' എന്ന ആർട്ട് വർക്കുകൾ ചെയ്യുന്ന ഒരു സ്ഥാപനം നടത്തുകയായിരുന്നു. ആ സ്ഥാപനം അതുപോലെ തന്നെ സിനിമയ്ക്കുവേണ്ടി പുനസൃഷ്ടിക്കുകയായിരുന്നു." അജയൻ പറയുന്നു.

മഴക്കാലത്തായിരുന്നു സിനിമയുടെ ചിത്രീകരണം. തിരക്കഥയിൽ ആർട്ടിസ്റ്റ് ബേബിയുടെ കട താഴെയായിരുന്നു. പിന്നീട് അജയന്റെ നിർദ്ദേശപ്രകാരമായിരുന്നു സ്റ്റുഡിയോയും ബേബി ആർട്സും അടുത്തടുത്താക്കിയത്. പഴയ ക്യാമറയും ഫോട്ടോ വാഷ് ചെയ്യുന്ന സ്ഥലവും സെറ്റിടുകയായിരുന്നു. ചിത്രത്തിലെ കേന്ദ്രകഥാപാത്രമായ മഹേഷ് ചെരുപ്പ് വാങ്ങുന്ന കടയും സെറ്റിട്ടു.

## വഴിത്തിരിവ്

യാദൃശ്ചികമായിട്ടാണ് അജയൻ സിനിമയിലേക്കെത്തുന്നത്. ആർട്ടിസ്റ്റായിരുന്ന അച്ഛന്റെ പാത പിൻതുടർന്ന് ചെറുപ്പം മുതൽ വരയുടെ ലോകത്തായിരുന്നു അജയനും. എങ്കിലും അജയന്റെ കലാരംഗത്തേക്കുള്ള പിച്ചവയ്പ്പിനു ബലമേകിയത് അജയന്റെ ചെറിയച്ഛനും ചിത്രകലാ അദ്ധ്യാപകനുമായ ബാലൻമാസ്റ്ററാണ്. നിരവധി ചിത്രരചനാ മത്സരങ്ങൾക്ക് അജയനെയും കൊണ്ടുപോകുന്നത് അച്ഛനും ചെറിയച്ഛനും ഒരു ഹോബിയായിരുന്നു.

തൃശ്ശൂർ ശ്രീകൃഷ്ണാ കോളേജിലും തൃശ്ശൂർ ഫൈൻ ആർട്സ് കോളേജിലുമായി വിദ്യാഭ്യാസം. ചെറിയച്ഛന്റെ കടുത്ത ആഗ്രഹമായിരുന്നു അജയനെ ഫൈൻ ആർട്സ് പഠിപ്പിക്കണമെന്നുള്ളത്. "ഇന്റർവ്യുവിന് 1500 ഓളം കുട്ടികളുണ്ടായിരുന്നു. അതിൽ 30 പേർക്കാണ് അഡ്മിഷൻ കിട്ടിയത്. കല കുട്ടിക്കളിയല്ലെന്ന് മനസിലായത് അപ്പോഴാണ്. ഒരേ മനസ്സുള്ള ആത്മാർത്ഥതയും സ്നേഹവുമുള്ള സുഹൃത്തുക്കളെ കിട്ടിയത് അവിടുന്നാണ്." അജയൻ ഓർക്കുന്നു.



ഭാവനാ സ്റ്റുഡിയോയ്ക്കു വേണ്ടി അജയൻ വരച്ച സ്കെച്ച്





ഇടുക്കി ഗോൾഡിലെ കൃത്രിമ കഞ്ചാവു തോട്ടം




ഫൈൻ ആർട്സ് പഠിക്കുന്ന സമയത്തുതന്നെ അജയൻ ചെറിയച്ഛനോടൊപ്പം നാട്ടിൽ ബോർഡുകളും മറ്റും ചെയ്യുന്ന 'തുളസി ഡിസൈൻസ്' എന്ന ഷോപ്പ് തുടങ്ങി. പഠനവും ജോലിയും ഒരേ സമയം കൊണ്ടുപോവുക എന്നത് ആ കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു. ആഴ്ചയുടെ അവസാനങ്ങളിലും മറ്റവധി ദിവസങ്ങളിലും അജയൻ തന്റെ ജോലികളിൽ മുഴുകി. ആ സമയത്താണ് അജയന്റെ സീനിയർ ഗോഗുൽ ദാസ് കലാസംവിധായകനായി തുടക്കം കുറിച്ചത്. അദ്ദേഹത്തിന്റെ സിനിമയിൽ അജയനും സുഹൃത്തുക്കളും പ്രവർത്തിച്ചു. അതായിരുന്നു സിനിമയിലേക്കുള്ള ആദ്യകവാടം. കലാമണ്ഡലം ക്ഷേമാവതിയുടെ ഭർത്താവ് പവിത്രൻ സംവിധാനം ചെയ്ത 'കുട്ടപ്പൻ സാക്ഷി' യായിരുന്നു ആ സിനിമ.

കാലമേറെ കഴിഞ്ഞില്ല ഗോകുൽദാസിന്റെ അസോസിയേറ്റായി മാറി. കുറച്ചു കാലം സിനിമയിൽ നിന്ന് വിട്ടുനിന്ന അജയൻ വീണ്ടും തുളസി ഡിസൈൻസിലെ കാര്യങ്ങളിലേക്ക് ശ്രദ്ധ തിരിച്ചു. ഇൻഡ്യൻ സിനിമാചരിത്രത്തിൽ വിസ്മയങ്ങൾ തീർത്ത കലാസംവിധായകൻ സാബു സിറിലിന്റെ ക്ഷണം അതിനിടെയായിരുന്നു അജയനെത്തേടിയെത്തി. അന്യൻ, മാജിക് മാജിക്, എന്തിരൻ തുടങ്ങിയ സിനിമകളിൽ സാബു സിറിലിനോടൊപ്പം വർക്ക് ചെയ്തു.

ഗോകുൽദാസിന്റെ വലിയ ആഗ്രഹമായിരുന്നു അജയനെ കലാസംവിധായകനാക്കണമെന്നുള്ളത്. അജയൻ ആദ്യമായി സ്വതന്ത്ര കലാസംവിധാനം ചെയ്ത സിനിമയാണ് 2013 ൽ അരുൺ കുമാർ അരവിന്ദ് സംവിധാനം ചെയ്ത 'ലെഫ്റ്റ് റൈറ്റ് ലെഫ്റ്റ്'.

"135 ലൊക്കേഷനുകളിലായി ഷൂട്ട് ചെയ്ത ലെഫ്റ്റ് റൈറ്റ് ലെഫ്റ്റ് കലാസംവിധാനത്തിന് വലിയ സാധ്യതകൾ തന്ന സിനിമയായിരുന്നു. ഒരു ദിവസം തന്നെ രണ്ടു മൂന്നു ലൊക്കേഷനുകൾ. എന്നെക്കൊണ്ട് ചെയ്യാൻ കഴിയുമെന്നൊരു കോൺഫിഡൻസ് തന്ന സിനിമ അതായിരുന്നു." അജയൻ പറയുന്നു.

## കൃത്രിമ കഞ്ചാവ് തോട്ടം

അജയന്റെ കലാസംവിധാനപാടവത്തിന്റെ മാറ്റുരച്ചുനോക്കിയ ചിത്രമായിരുന്നു ആഷിക് അബു സംവിധാനം ചെയ്ത ഇടുക്കി ഗോൾഡ്. അജയന്റെ രണ്ടാമത്തെ ചിത്രം. ഇടുക്കി ഗോൾഡിൽ കഞ്ചാവ് തോട്ടമൊരുക്കിയത് വളരെ ശ്രമകരമായ ജോലിയായിരുന്നു. അതിനുവേണ്ടി ഒരു പഠനംതന്നെ അജയൻ നടത്തി. "ശരിക്കും കഞ്ചാവ് ചെടി വളരുന്നത് നല്ല മഴയും വെള്ളവും കിട്ടുന്ന സ്ഥലത്താണ്. ആ സിനിമയെക്കുറിച്ചു പറഞ്ഞപ്പോൾ മുമ്പു കഞ്ചാവ് കേസിൽ പിടിക്കപ്പെട്ട പ്രതികളോടും പോലീസുകാരോടും ഇതിനെക്കുറിച്ച് സംസാരിച്ചു. ഒരു വലിയ പഠനം തന്നെ ഇതിനുവേണ്ടി നടത്തി." അജയൻ പറയുന്നു.

ചൈനയിൽ നിന്നിറക്കിയ നൈലോൺ ലീവ്സ് കൊണ്ടാണ് അജയൻ കഞ്ചാവിലകൾ തീർത്തത്. ഫോറസ്റ്റിന്റെ ഒരു സ്ഥലം വെട്ടിയൊരുക്കി ചെടികൾ അവിടെ നട്ടുപിടിപ്പിക്കുകയായിരുന്നു. സിനിമയിൽ കഥാപാത്രങ്ങളുടെ രണ്ടു കാലഘട്ടങ്ങളും പച്ചവിരിച്ച ഫാം ഹൗസും അജയൻ സൃഷ്ടിച്ചെടുത്തു.

മമ്മൂട്ടിയുടെ ബിഗ് ബജറ്റ് മൂവിയായിരുന്ന 'ഗ്യാങ്സ്റ്റർ' ആയിരുന്നു പിന്നീട് ചെയ്തത്. ചിത്രത്തിലെ നായകന്റെ വീടും വില്ലന്റെ പരീക്ഷണശാലയും ഗോവയുമടക്കം കൊച്ചിയിൽ സെറ്റിടുകയായിരുന്നു. ഭീമാകാരമായ സെറ്റുകൾ സിനിമയ്ക്കുവേണ്ടി അജയന്റെ നേതൃത്വത്തിൽ നിർമ്മിച്ചു.



2014 ൽ ഇറങ്ങിയ ദിലീഷ് നായർ സംവിധാനം ചെയ്ത 'ടമാർ പഠാർ' എന്ന ചിത്രത്തിലും അജയൻ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു. സെക്രട്ടറിയേറ്റിന്റെ മുമ്പിലെ ദൃശ്യം മുഴുവനായും ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സെറ്റിടുകയാണ് ചെയ്തത്. സെക്രട്ടേറിയറ്റിനു മുമ്പിലെ മതിലും ഫുഡ്പാത്തും സെറ്റിട്ടു. അതിന് പുറകുവശത്ത് മരങ്ങളും ഏറ്റവും പുറകിലായി സെക്രട്ടേറിയറ്റിന്റെ പടുകൂറ്റൻ ഫ്ളക്സും വച്ചു. 120 അടി നീളം 50 അടി ഉയരവുമുള്ള ഫ്ളക്സ് മതിലിൽ നിന്നും 70 അടി മാറ്റിയാണ് ഉറപ്പിച്ചത്.

തിരുവനന്തപുരത്ത് പോത്തൻകോട് എന്ന സ്ഥലത്താണ് കേന്ദ്രകഥാപാത്രത്തിന്റെ വീടിനായി സെറ്റിട്ടത്. പണികൾ പൂർത്തീകരിക്കാൻ ഏകദേശം 15 ദിവസത്തോളമെടുത്തു. പുരുഷൻമാർ പെൺവേഷം കെട്ടുന്ന അമ്പലവും അജയൻ ചിത്രത്തിനുവേണ്ടി സെറ്റിട്ടു.

വിശ്വൻ സംവിധാനം ചെയ്ത 'അപ്പവും വീഞ്ഞും', ആഷിക് അബു സംവിധാനം ചെയ്ത 'റാണി പദ്മിനി' എന്നീ ചിത്രങ്ങൾക്കു വേണ്ടിയും അജയൻ കലാസംവിധാനം ചെയ്തു. ഇന്ന് വളരെ തിരക്കുപിടിച്ച കലാസംവിധായകനാണ് അജയൻ. 'ഒരു മെക്സിക്കൻ അപാരത'യാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ചിത്രം. ശ്വേതാ മേനോന്റെ 'ബദൽ' എന്ന ആർട്ട് ഫിലിമിന്റെയും വർക്കുകൾ നടന്നുവരികയാണ്.

സംഗീത അദ്ധ്യാപികയായ സബിതയാണ് അജയന്റെ ഭാര്യ. മകൾ ദയ ഇപ്പോൾ എൽ കെ ജി യിൽ പഠിക്കുന്നു.

മറ്റുള്ള കലാസംവിധായകരിൽ നിന്നും വ്യത്യസ്തമായി താൻ ചെയ്ത വർക്കുകൾ കുട്ടികൾക്ക് പഠിക്കുവാനുള്ള റഫറൻസ് ഡോക്യുമെന്റ് ആക്കാനുള്ള ഒരുക്കത്തിലാണ് അജയൻ. കൂടാതെ ചുമർ ചിത്രകലയിലും അജയൻ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു കഴിഞ്ഞു. കലാസംവിധാനത്തിൽ നിന്നും ഒരുപടികൂടിക്കടന്ന് ക്രൈംബ്രാഞ്ചിന്റെ കുറ്റാന്വേഷണങ്ങളിലെ കുറ്റകൃത്യം നടന്ന സ്ഥലങ്ങൾ പുനഃസൃഷ്ടിച്ച് കൂടുതൽ തെളിവുകൾ കണ്ടുപിടിക്കാനും കുറ്റവാളിയെ തിരിച്ചറിയാനും പോലീസിനെ സഹായിക്കുന്ന ഒരു പ്രൊജക്ടും അജയന്റെ നേതൃത്വത്തിൻ നടന്നുവരുന്നു. ഓരോ സിനിമയും തന്റെ പഠനങ്ങളാക്കുന്ന അജയൻ കലാസംവിധാനത്തിന്റെ അനന്തസാധ്യതകൾ തേടുകയാണ്.

# കളിയല്ലിത് കാര്യം

സിബിൽ ജോസ്

കണ്ണിന് കുളിർമ്മ നൽകുന്ന അത്യുഗ്രൻ രംഗങ്ങളില്ല, ഇമ വെട്ടാതെ നോക്കിയിരിക്കാൻ പറ്റുന്ന ലൊക്കേഷൻ മനോഹാരിതയില്ല, ഓർത്തിരിക്കാൻ കഴിയുന്ന സംഭാഷണങ്ങൾ ഒന്നും തന്നെയില്ല, ഓർമ്മകൾ ഓടിയെത്തി രംഗം കൊഴുപ്പിക്കുന്ന ഗാനരംഗങ്ങളുമില്ല, അഭിനയം സിരകളിലേന്തി മറ്റൊരുഭാവമായി രൂപാന്തരപ്പെടുവാൻ കഴിവുള്ള അഭിനേതാക്കളുമില്ല, എന്നിട്ടും സിനിമ ശ്രദ്ധിക്കപ്പെടണമെങ്കിൽ സിനിമാസ്വാദകരുടെ മനസിൽ പുതിയ പ്രമേയമായി തിരശീലയിൽ പ്രത്യക്ഷപ്പെടണമെങ്കിൽ സനൽകുമാർ ശശിധരൻ എന്ന സംവിധായകൻ മറ്റുള്ള സിനിമയിൽ നിന്നും വ്യത്യസ്തമായി ലളിതസുന്ദരമായ ഒരു ചേരുവ പ്രേക്ഷകരുടെ ഇഷ്ടത്തിനോട് ചേർത്ത് ഒഴിവു ദിവസത്തെ കളി എന്ന സിനിമയിൽ ചേർത്തിളക്കി എന്ന് പറയാതിരിക്കാൻ വയ്യ. 2016 ലെ മികച്ച മലയാള സിനിമക്കുള്ള സംസ്ഥാന ചലച്ചിത്ര പുരസ്ക്കാരം ഏറ്റുവാങ്ങി 'ഒഴിവു ദിവസത്തെ കളി' എന്ന സിനിമ പ്രേക്ഷക ഹൃദയങ്ങളിൽ സ്ഥാനമുറപ്പിച്ചു കഴിഞ്ഞു.






മഷി പടരുന്നിടത്തു നിന്നും കഥകൾ നെയ്ത് ആ കഥകളെ തൂലിക തുമ്പിൽ ഒരുമിപ്പിച്ച് വിസ്മയം സൃഷ്ടിക്കുന്ന ഉണ്ണി ആർ എന്ന കഥാകൃത്തിന്റെ ഒഴിവു ദിവസത്തെ കളിയെന്ന കഥയിൽനിന്നും പ്രചോദനം ഉൾക്കൊണ്ട് ഊടും പാവും നെയ്ത സിനിമയാണെന്നുള്ളത് മാത്രമാണ് പ്രശസ്തിയുടെ ഗ്രാഫ് അൽപമെങ്കിലും ഉയർത്തുന്നത്.

കഥയിലൂടെ സംസാരിച്ച് സംവിധാനമികവിന്റെ വർണ്ണചാരുത പകർത്തിയൊഴുകി സാധാരണ സംഭാഷണങ്ങളും രംഗങ്ങളും കോർത്തിണക്കി മലയാളി പ്രേക്ഷകർ കണ്ടുമടുത്ത വാണിജ്യ സിനിമാതട്ടകത്തിൽ നിന്നും സിനിമയെന്ന കലാരൂപത്തെ മറ്റൊരു വിഷയമായി സൃഷ്ടിച്ചെടുത്തിരിക്കുകയാണ് സംവിധായകൻ. എടുത്തു പറയാൻതക്ക ബ്രാന്റ് നെയിംമുകളുള്ള കൂട്ടായിരുന്നില്ല സിനിമയിലുപയോഗിച്ചത്. സിനിമാ കണ്ട് അത് രുചിച്ച് നോക്കാൻ കാണിളെ പ്രേരിപ്പിച്ചത് സ്വാഭാവികതയും കഥാതന്തുവിൽ വേവിച്ചെയുത്ത സംവിധായകന്റെ തന്ത്രപ്രധാനമായ ആവിഷ്കാരവുമാണ്.

സംവിധായകന്റെ മനസ്സിലെ കഥയെ അതേപടി ഒട്ടും അസ്വാഭാവികതയില്ലാതെ ഫ്രെയിമിൽ ഒപ്പിയെടുത്തത് പേരിൽ പ്രശസ്തനല്ലാത്ത ഇന്ദ്രജിത്ത് എസ് എന്ന ഛായാഗ്രഹകൻ. വേർപെട്ടു കിടന്ന രംഗങ്ങളെ കത്രികവച്ച് മുറിച്ച് കഥയുടെ സത്ത ഒട്ടും ചോരാതെ ഒരുമിച്ച് ചേർത്തത് അപ്പു എൻ ഭട്ടതിരി എന്ന എഡിറ്റർ. നിർമ്മാണമേറ്റെടുത്ത് സിനിമ പൂർത്തിയാക്കിയത് പുതുമുഖ കമ്പിനിയായ നീവ് ആർട്സ് മൂവീസും. പറയത്തക്ക പേരും പ്രശസ്തിയുമില്ലാതിരുന്നിട്ടും സിനിമ ജനഹൃദയങ്ങളിൽ ചേക്കേറിയിരിക്കുന്നു.

യൗവ്വനം അവസാനഘട്ടത്തിലെത്തിയ അഞ്ച് സുഹൃത്തുക്കൾ. അവർ ഒരു ദിവസം ഒത്തുകൂടാൻ തീരുമാനിക്കുന്നു. അതിനായി അവർ കണ്ടെത്തിയതൊരു തിരഞ്ഞെടുപ്പു ദിവസമാണ്. അവർക്കത് വെറുമൊരു ഒഴിവുദിനം മാത്രമാണ്. ചീട്ടുകളിക്കാനും മദ്യസൽക്കാരം നടത്തുവാനുമായി ലഭിക്കുന്ന അപൂർവ്വ ദിനങ്ങളിൽ ഒന്ന്. ജനാധിപത്യത്തോടുള്ള സാധരണക്കാരുടെ കാഴ്ച്ചപ്പാടിനെ സംവിധായകൻ വേറിട്ട് അവതരിപ്പിക്കുന്നു.

> “ക്യാമറ നമ്മെ ചിന്തകളുടെ മറ്റൊരു തലത്തിലേക്ക് കൂട്ടി കൊണ്ടു പോവുന്നിടത്താണ് സിനിമ പൂർത്തിയാകുന്നത്. ഓരോ പ്രേക്ഷകനും വേറിട്ട ദൃശ്യാനുഭവം സമ്മാനിക്കുന്ന ഒരു സിനിമാക്കളി

കരുത്തുറ്റ സ്ത്രീ സാന്നിധ്യമാണ് ഈ സിനിമയുടെ മറ്റൊരു മേന്മ. അഭിജ ശിവകല എന്ന നാടകനടി അഭ്രപാളിയിൽ അഭിനയിച്ചു ഫലിപ്പിച്ചത് സിനിമയിലെ ഒരൊറ്റ സ്ത്രീ കഥാപാത്രത്തിന്റെ വേഷമാണ്. ഗീത എന്ന കഥാപാത്രം സിനിമയെ വേറൊരു ഗതിയിലേക്ക് തിരിച്ചുവിടുന്നു. സ്ത്രീ എന്ന വ്യക്തിക്കും അവളുടെ ശരീരത്തിനും മദ്യം നൽകുന്ന നിർവചനങ്ങൾ പുച്ഛം നിറഞ്ഞ മൗനത്തിലൂടെ ആ കഥാപാത്രം പ്രതിഫലിപ്പിക്കുമ്പോൾ സംവിധായകൻ ആവിഷ്കരിക്കുന്നത് സ്ത്രീകളോട് സമൂഹം പാലിക്കേണ്ട നേർമുഖങ്ങളാണ്.

ചെറുപ്പക്കാരുടെ പതിവ് സംഭാഷണങ്ങൾ ആലേഖനങ്ങളോ മുഖവരകളോ ഇല്ലാതെ സ്വഭാവികമായി എഴുതി തയ്യാറാക്കുന്ന സംഭാഷണരീതികൾ, വ്യത്യസ്തത എന്നു പറയുന്നിടത്തു ഇതുകൂടി യോജിപ്പിക്കേണ്ടി വരും.

ഉണ്ണി ആറിന്റെ കഥയിൽ നിന്നും വ്യത്യസ്തമായാണ് സിനിമ അവസാനിക്കുന്നത്. കഥ എത്രമാത്രം തിരശീലയിൽ സന്നിവേശിപ്പിക്കാൻ കഴിഞ്ഞു എന്നുള്ള ചോദ്യം പ്രേക്ഷകന്റെയും വായനാക്കാരുടെയും ഔചിത്യത്തിൽ ചിന്തിക്കുക നല്ലതാണ്.

ഒഴിവു ദിനത്തിൽ ഒത്തുകൂടുന്ന അവർ ഒരു കളി കളിക്കുന്നു. അത് കാര്യമാകുന്നിടത്താണ് സിനിമയുടെ വഴിത്തിരിവ്. അവസാനത്തെ മുപ്പത് മിനുറ്റുകൾ യാതൊരു എഡിറ്റിങ്ങുമില്ലാതെ ഒരേ ആംഗിളുകളിൽ ക്യാമറ ചലിപ്പിക്കുന്നതാണ്.

സിനിമ അവസാനിക്കുന്നത് ക്യാമറ കണ്ണിലൂടെയാണ്. കൂട്ടുകാരിലൊരാൾ വേറിട്ട് പോവുന്നിടത്താണ് സിനിമ എത്തുന്നത്. അത് പ്രേക്ഷകർക്ക് വേറൊരു ദൃശ്യാനുഭവം സമ്മാനിക്കുന്നു. സിനിമയുടെ അവസാന രംഗത്ത് സ്റ്റെപ്പുകളിറങ്ങി സ്വയം സഞ്ചരിക്കുന്ന ക്യാമറ കണ്ണുകളിലൂടെയാണ് പ്രേക്ഷക

നും സിനിമ കാണുന്നത്. ക്യാമറ നമ്മെ ചിന്തകളുടെ മറ്റൊരു തലത്തിലേക്ക് കൂട്ടി കൊണ്ടു പോവുന്നിടത്താണ് സിനിമ പൂർത്തിയാകുന്നത്. ഓരോ പ്രേക്ഷകനും വേറിട്ട ദൃശ്യാനുഭവം സമ്മാനിക്കുന്ന ഒരു സിനിമാക്കളി. ഒഴിവു ദിവസത്തെ കളി ഒരു ചെറിയ കളിയല്ല... ഇത് കാര്യം തന്നെയാണ്...










# ‘ഞാൻ’ എന്ന കോട്ടൂർ

അഞ്ജലി എ. കെ




**സ്വാതന്ത്ര്യസമരചരിത്രപശ്ചാത്തലത്തിൽ കെ ടി എൻ കോട്ടൂരിന്റെ ജീവിതത്തിന്റെ നേർചിത്രം വരച്ചുകാട്ടുകയാണ് ടി പി രാജീവൻ ഈ നോവലിലൂടെ**

നട്ടുച്ച വെയിലത്തും തിങ്ങിഞെരുങ്ങിയ മരങ്ങൾകൊണ്ട് കോട്ടൂർ ഗ്രാമത്തിൽ ഇരുട്ട് പരക്കുകയാണ്. ‘സ്വാതന്ത്ര്യം നമ്മുടെ ജന്മാവകാശമാണ് അത് നമ്മൾ നേടുക തന്നെ ചെയ്യും’. ഈ മഹത് വചനത്തിന്റെ പൊരുളെന്താണെന്ന് മനസിലാകാത്ത കോട്ടൂർ ഗ്രാമവാസികൾ. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അവബോധം അവർക്കാദ്യമായി നൽകാൻ ശ്രമിച്ചത് കുഞ്ഞപ്പൻ നായരാണ്. കുഞ്ഞപ്പൻ നായരുടെ ചങ്കുപൊട്ടിയുയരുന്ന മുദ്രാവാക്യം ഏറ്റുപിടിച്ചുകൊണ്ടുള്ള ജാഥ കോട്ടൂരിന്റെ വഴികളിൽ നീളുന്നിടത്താണ് ടി പി രാജീവൻ എഴുതിയ ‘എഴുത്തും ജീവിതവു’മെന്ന ഇഴപിരിഞ്ഞു നിൽക്കുന്ന, യഥാർത്ഥത്തിൽ കെ ടി എൻ കോട്ടൂർ എന്ന സ്വാതന്ത്ര്യസമര നേതാവിന്റെ ജീവചരിത്രംകൂടിയായ നോവൽ ആരംഭിക്കുന്നത്.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് ആധുനികമലയാള സമൂഹം രൂപം കൊള്ളുന്ന ആ കാലഘട്ടത്തിൽ സോഷ്യൽ ആക്ടിവിസത്തിൽ എത്തിപ്പെടുന്ന ഒരു സർഗ്ഗാത്മക സാഹിത്യകാരന്റെ സ്വത്ത പ്രതിസന്ധിയാണ് ഈ നോവലിന്റെ പ്രമേയം. രാഷ്ട്രീയവും സർഗ്ഗാത്മകതയും തമ്മിലുള്ള മുഴുവൻ സംഘർഷങ്ങളും അനുഭവിക്കുകയും എന്നാൽ രണ്ടും ഉപേക്ഷിക്കാൻ പാടുപെടുകയും ചെയ്യുന്ന ആളാണ് കെ.ടി. എൻ കോട്ടൂർ. കമ്മ്യൂണിസ്റ്റുകാരനാവാൻ കൊതിക്കുമ്പോൾ കവിയാവുകയും കവിയാവുമ്പോൾ കമ്മ്യൂണിസ്റ്റാവുകയും ചെയ്ത പാവം മനുഷ്യൻ. ചിലർക്ക് അദ്ദേഹം കോൺഗ്രസ്സുകാരനായും, കമ്മ്യൂണിസ്റ്റ്കാരനായും, മറ്റു ചിലർക്ക് കുറ്റവാളിയായും ഇങ്ങനെ വ്യക്തിത്വങ്ങളിൽ നിന്ന് വക്തിത്വങ്ങളിലേക്ക് കൂടുമാറുന്ന കോട്ടൂരിന്റെ പ്രകൃതം നോവലിന്റെ വിവിധ അധ്യായങ്ങളിലൂടെ വ്യക്തമാവും.



ടി പി രാജീവൻ

വള്ളി ട്രൗസറിട്ട കൊച്ചു ബാലൻ നാരായണൻ ത്രിവർണ്ണ പതാകയുമേന്തി അച്ഛൻ കുഞ്ഞപ്പൻ നായരുടെ നേതൃത്വത്തിൽ കോട്ടൂരിലെ വാകപ്പാറയ്ക്കു മുകളിലായി ത്രിവർണ്ണ പതാക നാട്ടുന്നു. പിറന്ന മണ്ണിൽ നല്ലൊരു നാളേയ്ക്കു വേണ്ടി ഒരു കൂട്ടം നൻമ്മയുള്ള മനുഷ്യരെ വാർത്തെടുത്ത് വരും ജൻമത്തിൽ സ്വാതന്ത്രത്തിന്റെ വഴികാട്ടിയായി കരുത്തേകിയ മകനെ സമ്മാനിച്ച് കുഞ്ഞപ്പൻ നായർ ആ ത്രിവർണ്ണ പതാകയ്ക്കു ചുവട്ടിൽ മുഖം കുത്തി മരിച്ചു. അച്ഛനിലൂടെ ഉടലെടുത്ത വാക്ചാതുര്യവും തന്റേടവും കൊണ്ട് നാരായണൻ അവിടെ വെച്ച് തുടങ്ങിയതാണ് തന്റെ സ്വാതന്ത്രത്തിനു വോണ്ടിയുള്ള പോരാട്ടങ്ങൾ. ആ പോരാളിയാണ് ഇന്ന് ലോകമറിയുന്ന കെ.ടി.എൻ കോട്ടൂർ എന്ന കൊയ്ലോത്ത് താഴെ നാരായണൻ.

ടി.പി.രാജീവന്റെ വാക്കുകളിലൂടെ വ്യക്തമാവുന്നത് ഇങ്ങനെയാണ്. രാഷ്ട്രീയ പ്രവർത്തനവും, സർഗാത്മകതയും തമ്മിലുള്ള സംഘർഷങ്ങളാണ് നോവൽ. ഒന്നിച്ചു കൊണ്ടു പോകാൻ കഴിയാത്ത പരസ്പര വിരുങ്ങളായ രണ്ട് കാര്യത്തെയാണ് ബന്ധിപ്പിക്കുന്നത്. അങ്ങേയറ്റം സ്വാതന്ത്രം ആവശ്യപെടുന്ന സർഗാത്മക പ്രവർത്തനത്തിന് ഒപ്പം കൊണ്ടുപോകാൻ കഴിയുന്നതല്ലാ രാഷ്ട്രീയം. ഏതെങ്കിലും ഐഡിയോളജി സ്വീകരിക്കുന്നതോടെ നമ്മൾ സ്വാതന്ത്യം നഷ്ടപ്പെട്ടവരായിത്തീരും.കോട്ടൂർ എന്ന ഗ്രാമത്തിൽ ഇരുട്ടണഞ്ഞ് വെളിച്ചം വീഴുന്നതവരെയുള്ള സ്വാതന്ത്ര്യത്തിന്റെയും വിപ്ലവാനന്തര ദിനങ്ങളുടെയും ചേരുവകൾ കൂട്ടിക്കലർന്ന് പ്രശസ്തിയാർജിച്ച നോവൽ രഞ്ജിത്തിന്റെ സംവിധാനത്തിൽ ‘ഞാൻ’ എന്ന സിനിമയായി. കോട്ടൂർ എന്ന എഴുത്തുകാരനെ തേടിയുള്ള നായകന്റെ യാത്രയാണ് സിനിമയിലുടനീളം കാണാൻ സാധിക്കുക. വാക്കുകളിലൂടെ എഴുത്തുകാരൻ നോവലിൽ സൃഷ്ടിച്ച വിസ്മയങ്ങളെല്ലാം വായനക്കാർ അതെപടി ഒപ്പിയെടുത്തപ്പോൾ നോവൽ നൽകിയ വായനാനുഭവങ്ങളൊന്നും തന്നെ സിനിമയിലൂടെ പ്രേക്ഷകർക്ക് ലഭിച്ചിട്ടില്ല.

> “രാഷ്ട്രീയവും സർഗ്ഗാത്മകതയും തമ്മിലുള്ള മുഴുവൻ സംഘർഷങ്ങളും അനുഭവിക്കുകയും എന്നാൽ രണ്ടും ഉപേക്ഷിക്കാൻ പാടുപെടുകയും ചെയ്യുന്ന ആളാണ് കെ.ടി.എൻ കോട്ടൂർ എന്ന കഥാപാത്രം

ടി പി രാജീവന്റെ ‘പാലേരിമാണിക്യം ഒരു പാതിരാകൊലപാതകത്തിന്റെ കഥ’ എന്ന നോവലിനേക്കാൾ എഴുത്തുകാരന്റെ യഥാർത്ഥ ജീവിതം വരച്ചുകാട്ടിയ കെ ടി എൻ കോട്ടൂർ എഴുത്തും ജീവിതവും എന്ന നോവലാണ് എന്തുകൊണ്ടും ഒരുപടി മുമ്പിൽ.

ചിലർ ജീവിച്ചിരിക്കുമ്പോൾ തന്നെ വിസ്മൃതിയിലേക്ക് തള്ളപ്പെടുന്നു. ചിലർ മരണശേഷവും. കോട്ടൂരിന്റെ വാക്കുകൾ വായനക്കാരുടെ മനസ്സിൽ ഇടം നേടിക്കഴിഞ്ഞു. കോട്ടൂർ എന്ന ഗ്രാമവും, സ്വാതന്ത്ര്യ സമര ചരിത്രത്തെക്കുറിച്ചും ടി പി രാജീവൻ തന്റെ നോവലിലൂടെ ഒരുപോലെ സന്നിവേശിച്ച് അവതരിപ്പിക്കുന്നു. കോട്ടൂർ ഗ്രാമത്തെ അറിയാത്ത വായനക്കാർ തീർച്ചയായും ‘കെ ടി എൻ കോട്ടൂർ എഴുത്തും ജീവിതവും’ എന്ന നോവൽ വായിക്കേണ്ടിയിരിക്കുന്നു. ●





# കിഴക്കിന്റെ വെനീസ്

## ആലപ്പുഴയുടെ സൗന്ദര്യം ക്യാമറക്കണ്ണിലൂടെ...

അജിത്ത് ജോസഫ്







“ വെണ്ണിലാചന്ദനക്കിണ്ണം
പുന്നമടക്കായലിൽ
വീണേ...

















കടലോളം
വാത്സല്യം...



